# ജാമക്കാരൻ
# JAMAKKARAN

VOLUME - 1 RNI Reg. No. TNBIL/2016/70171 ISSUE - 10
OCTOBER - 2017 TAMIL & MALAYALAM

**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**
**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

✆ 0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com



കർത്താവിൽ പ്രിയരേ,


യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് എന്റെ സ്നേഹവന്ദനം.

കഴിഞ്ഞ സെപ്റ്റംബർ മാസത്തിലെ ജാമക്കാരൻ വായിച്ചവർ, പ്രത്യേകിച്ച് സി.എസ്.ഐ ക്രിസ്ത്യാനികൾക്കിടയിൽ വലിയ മനോവേദന ഉണ്ടാക്കിയിട്ടുണ്ട് എന്നുള്ളത് വായനക്കാർ വഴിയായി ഞാൻ അറിഞ്ഞു. സി.എസ്.ഐ സഭകളിലെ വെട്ടിപ്പു വിവരങ്ങൾ ഗവൺമെന്റിന്റെ അന്വേഷണ വലയത്തിൽ വന്നെത്തി എന്നുള്ള വാർത്ത വളരെ പഴയതാണ്. പക്ഷെ ആ വാർത്തകളെ ഇംഗ്ലീഷു പത്രങ്ങളിൽ വായിച്ച സി.എസ്.ഐ സഭാഅച്ചന്മാർ, ഡി.സി.മെമ്പർമാർ, 24 ഡയോസിസിന്റെ ബിഷപ്പുമാർ ഇവരുടെ ഇടയിൽ ഒരു ചലനവും കാണപ്പെട്ടില്ല. ഒന്നും സംഭവിക്കാത്തപോലെ മിണ്ടാതിരിക്കുന്നു. അതുകൊണ്ടുതന്നെ ഞാൻ ഈ പഴയവാർത്തകളെ നമ്മുടെ സി.എസ്.ഐ. സഭയെ യഥാർത്ഥമായി സ്നേഹിക്കുന്നവർക്കും, സി.എസ്.ഐ സഭയുടെ ഈ വിഷയത്തെക്കുറിച്ച് മാസികയിൽ രേഖപ്പെടുത്തി. തെക്കേ ഇന്ത്യയിലും, വിദേശത്തിലും ഉള്ള 24 ഡയോസിസിൽ ഉള്ള രക്ഷിക്കപ്പെട്ട അനുഭവം ഉള്ളവർ ഒരു പ്രത്യേക ദിവസം തെരഞ്ഞെടുത്ത്, ആഴ്ചയിൽ ഒരു പ്രാവശ്യമോ, അല്ലെങ്കിൽ 2 ആഴ്ചയിൽ ഒരു പ്രാവശ്യമോ ഒന്നുകൂടി പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിക്കുന്നു. ഇങ്ങനെ കൂടുന്ന നമ്മെപോലാകുന്ന വിശ്വാസികളുടെ പ്രാർത്ഥന തീർച്ചയായും ദൈവം കേൾക്കും. നാമധേയ ക്രിസ്ത്യാനികളായിരിക്കുന്ന സി.എസ്.ഐ സഭയിലെ എത്രപേർ ചേർന്ന് പ്രാർത്ഥിച്ചാലും ദൈവം ആ പ്രാർത്ഥനയെ കേൾക്കത്തില്ല. അതുകൊണ്ട് തന്നെ സി.എസ്.ഐ പ്രശ്നങ്ങളെ വായനക്കാരായുള്ള യഥാർത്ഥ വിശ്വാസികൾ പങ്കുവെച്ചു. സെപ്റ്റംബർ മാസം മാസികയെ വായിച്ചവർ ഞാൻ സി.എസ്.ഐ സഭയെ

അപമാനിക്കുന്നതായി കരുതിയാലും എന്നെ വെറുത്താലും ഞാൻ കാര്യമാക്കുന്നില്ല. കഴിഞ്ഞ കാലങ്ങളിൽ കേരളത്തിലും തമിഴ്നാട്ടിലും മറ്റു ജില്ലകളിലും നടന്ന എന്റെ യോഗങ്ങളിൽ ഒരു പ്രസംഗത്തിലും ഈ പത്രവാർത്തകളെക്കുറിച്ച് ഞാൻ പരസ്യപ്പെടുത്തിയിട്ടില്ല. പ്രാർത്ഥിക്കുവാൻ വേണ്ടി സൂചിപ്പിച്ചിട്ടുമില്ല. അങ്ങനെ ഞാൻ യോഗത്തിൽ പറഞ്ഞിരുന്നാൽ അത് സി.എസ്.ഐയ്ക്ക് അപമാനത്തെ ഉണ്ടാക്കും എന്ന് പറയാൻ സാധിക്കും. അതുകൊണ്ടാണ് വായനക്കാരായ നിങ്ങളെ വിശ്വസിച്ച് ഈ വിവരങ്ങളെ പങ്കുവച്ച് ഇപ്പോൾ ഞാൻ എഴുതിയത്. വായിച്ച് എവിടെയെല്ലാം സി.എസ്.ഐ സഭാവിശ്വാസികൾ ഈ പ്രശ്നങ്ങൾക്ക് വേണ്ടി കൂടിപ്രാർത്ഥിക്കുന്നോ അത് എന്നെ അറിയിക്കണം. എപ്പോൾ ഏത് സമയത്ത് സി.എസ്.ഐയുടെ ഈ വിഷയങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നുവോ ആ സമയം എന്നെ അറിയിക്കുക. നിങ്ങൾ പ്രാർത്ഥിക്കുന്നത് ജാമക്കാരനിൽ പരസ്യപ്പെടുത്തും. നിങ്ങൾ പ്രാർത്ഥിക്കുന്ന അതേ സമയത്ത് ജാമക്കാരൻ വായിക്കുന്ന വിശ്വാസികളും പ്രാർത്ഥിക്കുവാൻ ശ്രമിക്കും. ഞാനും നിങ്ങൾ പറയുന്ന പ്രാർത്ഥന സമയത്തു ഞാൻ ഇരിക്കുന്ന സ്ഥലത്ത് നിങ്ങളോടു ചേർന്ന് പ്രാർത്ഥിക്കുവാൻ സാധിക്കും.

യേശുക്രിസ്തു പറഞ്ഞു: **ഭൂമിയിൽ വച്ച് നിങ്ങളിൽ രണ്ടുപേർ ഒരുമനപ്പെട്ടു യാചിക്കുന്ന ഏതുകാര്യവും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിൽ നിന്ന് അവർക്ക് ലഭിക്കും.** (മത്തായി 18:19). വാക്കുമാറാത്ത നമ്മുടെ ദൈവം പറഞ്ഞതുപോലെ ചെയ്യുന്നു.

**മഹാത്മാഗാന്ധി :** ഇന്ത്യയുടെ സ്വാതന്ത്ര്യ ത്യാഗികളുടെ പിതാവായ ഗാന്ധിജി അവർകളെ



സ്മരിക്കുന്ന മാസമാണ് ഇത്. സൗത്താഫ്രിക്കയിൽ ഗാന്ധിജി അവർകൾ വക്കീൽ തൊഴിൽ ചെയ്യുമ്പോഴാണ് യേശുക്രിസ്തുവിനെ ദൈവമായി മനസ്സിലാക്കിയത്. പുതിയനിയമ വേദപുസ്തകം എപ്പോഴും അദ്ദേഹത്തിന്റെ കൈയിലിരിക്കും. തന്റെ ജീവിതചരിത്രമെഴുതുമ്പോൾ പുതിയ നിയമത്തിലെ യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ വലിയ ഭക്തി ഉണ്ടാക്കി. ക്രിസ്തീയ ആരാധനയ്ക്കു ചെന്ന് സംബന്ധിക്കുവാൻ ഗാന്ധി അവർകൾ ചെന്നപ്പോൾ അവിടുത്തെ വെള്ളക്കാർ അദ്ദേഹത്തെ പള്ളിയുടെ ഉള്ളിൽ കയറ്റിയില്ല. കറുത്തവർഗ്ഗക്കാരായ ആഫ്രിക്കക്കാർ പോകുന്ന പള്ളിയിൽ പോകുവാൻ നിർദ്ദേശിച്ചു. ഈ പരാജയവും അപമാനവും ഗാന്ധിയുടെ മനസ്സിനെ വേദനിപ്പിച്ചു. നമ്മുടെ ഭാരതദേശത്തിൽ കോടിക്കണക്കിൽ ജീവിക്കുന്ന പലജാതി ജനങ്ങൾ തങ്ങൾക്കുണ്ടായ ജാതിവ്യവസ്ഥയെ മാറ്റുവാൻ യേശുക്രിസ്തുവിന്റെ ഉപദേശത്തെ പരിചയപ്പെടുത്തുവാൻ ആഗ്രഹിച്ച ഗാന്ധിജിയുടെ പദ്ധതിയെ, പള്ളിയിൽ ഉണ്ടായ ഈ അനുഭവം തകർത്തുകളഞ്ഞു. ഈ ക്രിസ്തീയ സഭകളിൽ ഇങ്ങനെ ഒരു നിലപാടു കാണുന്നുവെങ്കിൽ ഞാൻ ഹൈന്ദവനായി തന്നെ ജീവിക്കും എന്ന് തീരുമാനിച്ചു. ഗാന്ധിജിക്ക് ക്രിസ്തുവിന്റെ രക്ത ത്തെക്കുറിച്ചും, മാനസാന്തരത്തെക്കുറിച്ചും ആരും പറഞ്ഞുകൊടുത്തിട്ടില്ല. ആഫ്രിക്കൻ ക്രിസ്ത്യാനിയുടെ പെരുമാറ്റം ഗാന്ധിജി എന്ന ഒരു ആത്മാവിനെ ക്രിസ്തുവിൽ നിന്നും അകറ്റി.

ഇന്ന് നമ്മുടെ ദേശത്തിലുള്ള ക്രിസ്തീയ സഭകളായ സി.എസ്.ഐ, മർത്തോമാ, ലൂദറൻ, യാക്കോബായ, കത്തോലിക്ക, പെന്തകോസ്തു സഭകൾ കാണിക്കുന്ന ജാതീയ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നത് നാം കണ്ണുകൊണ്ട് കാണുന്നുണ്ട്. ആന്ധ്രാ, കർണാടക ക്രിസ്തീ

യസഭകളിൽ നായിഡു, റെഡ്ഡി എന്നും, കേരളത്തിലും തമിഴ്നാട്ടിലും സുറിയാനി എന്നും നാടാർ എന്നും ദലിത് എന്നും ജാതിപ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നത് ദുഃഖകരമാണ്. ഇവരെല്ലാം കാണിക്കകൾ ധാരാളം കൊടുക്കുന്നുണ്ട്. പള്ളിപണിക്കു വേണ്ടിയും, ആരാധനാലയം, വൃദ്ധ സദനം, മിഷണറി പ്രവർത്തനം, ആത്മ ആദായം എന്നീ ആത്മീയ പ്രവർത്തനങ്ങൾക്ക് മുൻകൈ യെടുക്കുന്നുണ്ട്. അതോടൊപ്പം ഉപവാസപ്രാർത്ഥനകൾ, കൺവെൻഷനുകൾ, അഗ്നിഅഭി ഷേകകൂട്ടങ്ങൾ ഇങ്ങനെയെല്ലാം ആത്മീക കാര്യങ്ങളിൽ ബന്ധപ്പെട്ടാലും, **ജാതിവ്യവസ്ഥ മാറാ തിരുന്നാൽ** സ്വർഗ്ഗത്തിൽ പോകാൻ കഴിയുമോ? തീർച്ചയായും പോകാൻ കഴിയില്ല. ഇങ്ങനെ യുള്ള ക്രിസ്ത്യാനികൾ മാനസാന്തരപ്പെട്ടവർ ആയാലും **തോലുരിക്കാത്ത ആടുകൾ** ആയി, ബലിപീഠം വരെ എത്തും. പക്ഷെ ജാതി എന്ന തൊലി നീക്കപ്പെടാത്തതുകൊണ്ട് യാഗപീഠംവരെ എത്തിയ ആടിനെ ദൈവം സുഗന്ധബലിയായി സ്വീകരിക്കുന്നു. 40 വർഷം, 80 വർഷം ഒരു നല്ല ക്രിസ്തീയവിശ്വാസി എന്ന് പേരെടുത്തിട്ട് എന്താണ് പ്രയോജനം ? ഇത്ര വർഷം ജീവിച്ച ക്രിസ്തീയ ജീവിതത്തിന് വിലയില്ലാതെ പോയല്ലോ? ക്രിസ്തുവിനുവേണ്ടി ചെയ്ത ത്യാഗം ദൈവവേലയ്ക്കുവേണ്ടി കൊടുത്ത കാണിക്ക എല്ലാം വേസ്റ്റ്!!!

മഹാത്മാഗാന്ധിജിയുടെ ജനനസ്മരണദിവസത്തിൽ ഇവകളെക്കുറിച്ച് ചിന്തിക്കുന്നത് ക്രിസ്ത്യാനികൾക്ക് നല്ലതാണ്. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ!

**കർത്തൃശുശ്രൂഷയിൽ**

**ഡോ.പുഷ്പരാജ്**

നിങ്ങളുടെ ശ്രദ്ധയ്ക്ക്

## On Line കാണിയ്ക്ക (OFFERING)

നേരത്തെ ഞാൻ അറിയിച്ചിരുന്നതുപോലെ On Line വഴി കാണിയ്ക്ക (Offering) അയയ്ക്കുന്നവരുടെ പേര് ബാങ്ക് പാസ്ബുക്കിൽ വരുന്നില്ല. ചില ബാങ്കുകളിൽ പേര് കാണപ്പെടുന്നു. പണം അയക്കുന്നവരുടെ പേരും വിലാസവും അറിയാത്തതുകൊണ്ട് പണം കിട്ടിയ വിവരത്തെ പണം അയച്ചവരെ അറിയിക്കുവാൻ കഴിയാതെ പോകുന്നു. രസീതും അയയ്ക്കുവാൻ സാധിക്കുന്നില്ല. ചില വായനക്കാരിൽ രസീതു വേണ്ടായെന്ന് അറിയിച്ചവരും ഉണ്ട്. ഓൺലൈനിൽ കാണിയ്ക്ക അയച്ചവർ അതിന്റെ വിവരത്തെ എനിയ്ക്ക് ഇ–മെയിൽ വഴി ആയോ കത്തു മുഖേനയോ അറിയിച്ചാൽ വളരെ ഉപകാരമായിരിക്കും. അതിൽ അയച്ചവരുടെ പേര്, സേലത്തിൽ ഏതു ബാങ്കിലേയ്ക്കാണ് ആ പണം അയച്ചത്, എന്നും എത്ര രൂപ അയച്ചു, ഏത് തീയതിൽ അയച്ചു എന്നും വ്യക്തമായിട്ട് എഴുതി ഒപ്പം നിങ്ങളുടെ മൊബൈൽ നമ്പരും എഴുതി അയച്ചാൽ വളരെ ഉപകാരമായിരിക്കും.

പണം എനിക്കു കിട്ടിയ വിവരത്തെക്കുറിച്ച് നിങ്ങൾക്ക് രസീത് അയ്ക്കാതിരുന്നാലും ഫോൺ മുഖേനയെങ്കിൽ ആ വിവരം നിങ്ങളെ അറിയിക്കുവാൻ എനിക്കു സാധിക്കും. ഒപ്പം നിങ്ങളുടെ വിവരങ്ങൾ അന്വേഷിക്കുവാനും ഫോൺ മുഖേന നിങ്ങൾക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുവാനും സാധിക്കുമല്ലോ. നിങ്ങൾ പ്രാർത്ഥനയോടും ഭാരത്തോടും ദൈവവേലയ്ക്കു വേണ്ടി നിങ്ങളയച്ച പണം എനിക്കു കിട്ടിയ വിവരം നിങ്ങളെ അറിയിക്കാതിരിക്കുന്നത് എന്റെ മനസ്സിന് സങ്കടം തോന്നും. അതുകൊണ്ട് ഈ വിഷയത്തിൽ നിങ്ങൾ എന്നോടു ദയവായി സഹകരിക്കണം എന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു. ഡോ.പുഷ്പരാജ്

# ദൈവം - ത്രിയേകത്വം

ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനോപദേശമാണ് ദൈവത്തിന്റെ ത്രിയേകത്വം. ദൈവം ഏകനാണെന്നും അതേ സമയം ദൈവത്തിൽ മൂന്നു ആളത്തങ്ങളുണ്ടെന്നും ത്രിയേകത്വവിശ്വാസം ഏറ്റുപറയുന്നു. ഈ വിശ്വാസം തിരസ്കരിക്കപ്പെട്ടാൽ ക്രിസ്തുമാർഗ്ഗത്തിന്റെ അസ്തിത്വം നഷ്ടപ്പെടും. അതിനാലത്രേ ഈ ഉപദേശസ്ഥാപനത്തിനുവേണ്ടി സഭ നൂറ്റാണ്ടുകൾ നീണ്ടുനിന്ന വാദപ്രതിവാദങ്ങളും ചർച്ചകളും നടത്തിയത്. സഭാചരിത്രത്തിൽ ആദ്യമായി സഭ ശ്രമിച്ചത് ത്രിയേകത്വവിശ്വാസത്തെ നിർണ്ണയീതമായി നിർവ്വചിക്കുവാനും വിശദമാക്കുവാനും ആണ്. സഭയുടെ സന്ദേശം ക്രിസ്തുവിന്റെ ദൈവത്വമാണ്. പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവം എന്താണെന്ന് തുടക്കത്തിൽ ശരിയായി നിർവ്വചിക്കപ്പെട്ടിരുന്നില്ല. പിതാവും പുത്രനും ദൈവമാണെന്ന ഉറച്ച വിശ്വാസത്തിൽ ആയിരുന്നു സഭ. എന്നാൽ ക്രിസ്തുവിന്റെ ദൈവത്വത്തിന്റെ സ്വഭാവവും ക്രിസ്തുവിന് ദൈവത്തോടുള്ള ബന്ധവും പലരും തെറ്റിദ്ധരിക്കയും പ്രശ്നങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. പല വ്യാഖ്യാനങ്ങളെയും ദുരുപദേശങ്ങൾ എന്ന് സുന്നഹദോസുകൾ വിധികല്പിക്കുകയും പ്രസ്തുത ഉപദേശങ്ങൾക്കുവേണ്ടി വാദിച്ചവരെ സഭയിൽ നിന്ന് ബഹിഷ്കരിക്കുകയും ചെയ്തു. വളരെ ഏറെ വിവാദങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും വിശദീകരണങ്ങൾക്കും പഠനങ്ങൾക്കും ശേഷമാണ് ത്രിയേക വിശ്വാസത്തെ സംബന്ധിച്ച ഒരു ഉറച്ച അടിസ്ഥാനത്തിൽ സഭ എത്തിച്ചേർന്നത്. പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവമാണെന്നും അവർ **മൂന്നു ദൈവങ്ങളല്ലെന്നും ഏകദൈവമാണെന്നും** എന്നാൽ മൂന്നു ആളത്തങ്ങളും വിഭിന്നരാണെന്നും ത്രിയേകത്വവിശ്വാസം വ്യക്തമാക്കുന്നു.

മൂന്നും നാലും നൂറ്റാണ്ടുകളിൽ ഇത് ചൂടേറിയ വിവാദവിഷയമായിരുന്നു. ഈ അടുത്ത കാലത്തും ത്രിത്വവിശ്വാസത്തിന് എതിരെയുള്ള വെല്ലുവിളികൾ കുറവല്ല. യഹോവാസാക്ഷികൾ യേശുവിനെ പൂർണ്ണദൈവമായി അംഗീകരിക്കുന്നില്ല. അതിന്റെ ഫലമാകട്ടെ ത്രിത്വനിരാസമാണ്. ലിബറൽ ചിന്താഗതിയുള്ള ക്രിസ്ത്യാനികൾ ദൈവികത്രിത്വത്തെ സ്വീകരിക്കുന്നില്ല. പെന്തക്കോസ്തുകാരിലും ചില വിഭാഗങ്ങൾ ത്രിത്വത്തെ സംബന്ധിച്ച് ദുരുപദേശമാണ് പഠിപ്പിക്കുന്നത്. യേശുനാമക്കാർ ഉദാഹരണം. ക്രിസ്തുമാർഗ്ഗത്തെ മറ്റു മതങ്ങളിൽ നിന്ന് വേർപെടുത്തുന്ന സവിശേഷതയാണ് ത്രിയേകദൈവവിശ്വാസം.

## I. പ്രയോഗം

**Trinity** എന്ന ഇംഗ്ലീഷുപദം **Tres, Unitas** എന്നീ രണ്ടു ലത്തീൻപദങ്ങളിൽ നിന്നു രൂപം കൊണ്ടതാണ്. ത്രിയേകത്വം എന്നാണ് വാച്യാർത്ഥം. മലയാളത്തിൽ ത്രിയേകദൈവം, ദൈവികത്രിത്വം എന്നിങ്ങനെ വ്യവഹരിക്കുന്നു. ത്രിത്വം എന്ന പദത്തിന് 'മൂന്ന് എന്നുള്ള അവസ്ഥ' എന്നർത്ഥം. ദൈവിക ആളത്തങ്ങളെ വ്യത്യസ്തങ്ങളായി പരാമർശിക്കുമ്പോൾ ത്രിത്വം എന്ന പദം ഉപയോഗിക്കാമെങ്കിലും ദൈവികസത്തയെ സാകല്യമായി സൂചിപ്പിക്കുമ്പോൾ ത്രിയേകത്വം അഥവാ ത്രയൈകത്വം എന്നു പ്രയോഗിക്കുന്നതാണ് യുക്തം. ത്രിയേകത്വം ഒരു **നിഗൂ**

**ഢവിഷയമാണ്**. ദൈവികവെളിപ്പാട് കൂടാതെ യുക്തിവൈഭവത്താൽ അറിയുവാനോ, വെളിപ്പാടിനുശേഷം യുക്തികൊണ്ടു തെളിയിക്കുവാനോ കഴിയുന്ന ഒന്നല്ല അത്. ത്രിയേകത്വം യുക്തിയുക്തിക്കതീതമാണെങ്കിൽ തന്നെയും യുക്തിക്കു വിരുദ്ധമല്ല. ത്രിത്വത്തെക്കുറിക്കുന്ന ട്രയാസ് എന്ന ഗ്രീക്കുപദം ആദ്യമായി പ്രയോഗിച്ചത് അന്ത്യോക്യയിലെ തെയോഫീലസ് ആയിരുന്നു. ക്രൈസ്തവവിശ്വാസത്തിന്റെ സവിശേഷവും സമഗ്രവുമായ ഉപദേശമാണ് ദൈവത്തിന്റെ ത്രിയേകത്വം. അതിനെ വ്യക്തമായി വ്യാഖ്യാനിച്ചത് **തെർത്തുല്യൻ, അത്തനേഷ്യസ്, അഗസ്റ്റിൻ** എന്നീ സഭാപിതാക്കന്മാരാണ്.

## II. സംക്ഷിപ്ത ചരിത്രം

യേശുവിന്റെ കാലത്ത് യെഹൂദന്മാർ ദൈവത്തിന്റെ ഏകത്വത്തിന് ശക്തമായ ഊന്നൽ നല്കിയിരുന്നു. സഭയിലേക്കും ഈ ചിന്താഗതിയാണ് കടന്നുവന്നത്. ചിലർ ദൈവികത്രിത്വത്തിൽ വ്യത്യസ്ത ആളത്തങ്ങളെ നിരസിച്ചു. മറ്റു ചിലർ പുത്രനും പരിശുദ്ധാത്മാവിനും പൂർണ്ണ ദൈവത്വം നൽകുന്നതിൽ വൈമുഖ്യം കാണിച്ചു. ത്രിത്വം എന്ന ഉപദേശം രൂപപ്പെടുത്തിയതും ആപദം ആദ്യം ഉപയോഗിച്ചതും തെർത്തുല്യനായിരുന്നു. അദ്ദേഹത്തിന്റെ സിദ്ധാന്തത്തിന്റെ ഒരു പോരായ്മ പുത്രനെ പിതാവ് കീഴ്പ്പെടുത്തി എന്നതാണ്. ഓറിജൻ ഈ ചിന്താധാരയെ ഒരു പടികൂടെ മുന്നോട്ടുകൊണ്ടുപോയി. പുത്രൻ സാംരാംശത്തിൽ പിതാവിനു താഴെയാണെന്നും പരിശുദ്ധാത്മാവ് പുത്രനും താഴെയാണെന്നും അദ്ദേഹം വിശ്വസിച്ചു. ഈ ചിന്തയാണ് **അറിയേന്യ** ഉപദേശത്തിനു ചവിട്ടുപടിയായത്. അറിയേന്യർ ക്രിസ്തുവിന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വം നിഷേധിച്ചു. പിതാവിന്റെ ആദ്യസൃഷ്ടിയായി പുത്രനെയു പുത്രന്റെ ആദ്യസൃഷ്ടിയായി പരിശുദ്ധാത്മാവിനെയും അവർ കണ്ടു. ഇങ്ങനെ പുത്രനു പരിശുദ്ധാത്മാവിനോടും ദൈവത്തോടും സത്താസമത്വം ഇല്ലെന്നു വാദിച്ചു. മാത്രവുമല്ല, ത്രിത്വത്തിലെ ആളത്തങ്ങൾ തമ്മിലും പദവിയിൽ വ്യത്യാസം ഉണ്ടെന്ന് വ്യാഖ്യാനിച്ചു. ശാക്തിക ഏകാധിപത്യവാദം യേശുവിനെ മനുഷ്യനായും പരിശുദ്ധാത്മാവിനെ ദൈവത്തിന്റെ സ്വാധീനശക്തിയായും കണ്ടു. മൂർത്തിവാദപര ഏകാധിപത്യവാദം പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും ദൈവം മൂന്നു കാലങ്ങളിലായി സ്വീകരിച്ച ആവിഷ്കാരത്തിന്റെ മൂന്നു മൂർത്തികളാണെന്നു വാദിച്ചു. മറ്റു ചിലർ ദൈവത്തിന്റെ ഏകത്വത്തെ ഹനിച്ചുകൊണ്ട് ത്രിദൈവവാദത്തിൽ വീണു. പിൽക്കാലത്തുണ്ടായ ഏകസ്വഭാവവാദികളിൽ പലർക്കും ഈ അബദ്ധം സംഭവിച്ചു. സഭ നാലാം നൂറ്റാണ്ടിൽ ത്രിത്വോപദശേഷം രൂപപ്പെടുത്താൻ തുടങ്ങി. **നിഖ്യാസുനഹദോസ് (എ.ഡി 325)** പുത്രന് പിതാവിനോടുള്ള സത്താസമത്വവും, കോൺസ്റ്റാൻഡിനോപ്പിൾ സുനഹദോസ് (എ.ഡി.381) പരിശുദ്ധാത്മാവ് പിതാവിൽനിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നതായും ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടു. പൗരസ്ത്യസഭയിൽ ത്രിത്വോപദേശത്തിനു വ്യക്തമായ വിശദീകരണം നൽകിയത് ദമാസ്ക്കസിലെ ജോണും പാശ്ചാത്യസഭയിൽ അഗസ്റ്റിനും ആണ്.

നവീകരണകാലത്ത് ത്രിത്വോപദേശം സംബന്ധിച്ച് പുതിയ ചിന്താഗതികളൊന്നും രൂപപ്പെട്ടില്ല. പഴയവാദഗതികൾ തന്നെ പുതിയ രൂപത്തിൽ ആവിർഭവിക്കുകയുണ്ടായി. എപിസ്ക്കൊപ്യസ്, കർസെല്ല്യസ്, ലിംബോർഗ് തുടങ്ങിയവർ ദൈവത്തിന്റെ ഏകത്വം ഉറപ്പിക്കുവാൻ വിധേയത്വോപദേശം പുനരുജ്ജീവിപ്പിച്ചു. ക്രമത്തിലും മാനത്തിലും പിതാവിന് അവർ വൈശിഷ്ട്യം

കല്പിച്ചു. ഹെഗൽ പിതാവിന് സ്വയം ദൈവം എന്നും പുത്രനെ സ്വയം ദൈവരൂപമായവൻ എന്നും പരിശുദ്ധാത്മാവിനെ ദൈവം തന്നിലേക്കു മടങ്ങിവരുന്നവൻ എന്നും പറഞ്ഞു. ത്രിത്വത്തെ ദൈവത്തിന്റെ മൂന്നു പ്രദർശനങ്ങളായി **ഷ്ളയർമാഖർ** കണ്ടു. സർവ്വത്തിനും ആധാരമായ ഏകത്വമായി സ്ഥിതിചെയ്യുന്ന ദൈവമാണ് പിതാവ്. മനുഷ്യന്റെ ബോധപൂർവ്വമായ ആളത്തത്തിലേക്കു കടന്നുവരുന്ന ദൈവമാണ് പുത്രൻ. സഭയിൽ ജീവിക്കുന്ന ദൈവമാണ് പരിശുദ്ധാത്മാവ്. **ലിബറൽ ദൈവശാസ്ത്രജ്ഞന്മാരുടെ** പക്ഷത്തിൽ യേശു ഒരു ദൈവികഗുരുവും പരിശുദ്ധാത്മാവ് സന്നിഹിതനായ ദൈവവുമാണ്. ആധുനികകാലത്ത് ത്രിത്വചിന്തയെ സജീവമാക്കിയത് **ബ്രൂണറും, കാൾബാർത്തും** ആണ്. തിരുവെഴുത്തുകളുടെ അടിസ്ഥാനത്തിലാണ് ബാർത്ത് ത്രിത്വോപദേശത്തെ അപഗ്രഥിക്കുന്നത്. ദൈവം സംസാരിക്കുന്നു എന്ന പൂർണ്ണകാവാക്യത്തെ അടിസ്ഥാനമാക്കി അദ്ദേഹം വിവരിക്കുന്നു.

| | |
|---|---|
| വെളിപ്പെടുത്തുന്നവൻ | – പിതാവ് |
| വെളിപ്പാട് | – പുത്രൻ |
| വെളിപ്പെടുത്തപ്പെട്ടത് | – പരിശുദ്ധാത്മാവ് |

അവൻ സ്വയം വെളിപ്പെടുത്തുന്നു. അവനാണ് വെളിപ്പാട്. വെളിപ്പാടിന്റെ ഉള്ളടക്കവും അവനാണ്. ദൈവത്തെയും അവന്റെ വെളിപ്പാടിനെയും ബാർത്ത് താദാത്മ്യപ്പെടുത്തുന്നു.

## III. ത്രിയേകത്വം എന്ന ഉപദേശം

ദൈവം ഏകനാണെന്നും ആ ഏകനിൽ മൂന്ന് ആളത്തങ്ങൾ (പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്) ഉൾക്കൊള്ളുന്നുവെന്നും എന്നാൽ അവ മൂന്നു വിഭിന്നവ്യക്തികളല്ലെന്നും ത്രിത്വം വ്യക്തമാക്കുന്നു. ദൈവികസത്ത സ്ഥിതിചെയ്യുന്ന മൂന്നുരൂപങ്ങൾ മാത്രമാണ്ത്; ദൈവികസത്തക്കുള്ളിൽ ആളത്തപരമായ മൂന്നു വ്യത്യാസങ്ങൾ മാത്രം. ദൈവികസത്തയിലെ മൂന്ന് ആളത്തങ്ങൾ ഒരിക്കലും പരസ്പരവിരുദ്ധമായിരിക്കുന്നില്ല. ദൈവം ഏകത്വത്തിൽ ത്രിത്വമായിരിക്കുന്നു എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത് വൈവിദ്ധ്യത്തിൽ ഏകത്വമാണെന്നും പ്രസ്തുത വൈവിദ്ധ്യം ആളത്തങ്ങളിലും സ്വഭാവങ്ങളിലും പ്രവർത്തനങ്ങളിലും വെളിപ്പെടുമെന്നും അത്രേ. ത്രിയേകത്വോപദേശത്തിൽ അഞ്ച് അടിസ്ഥാന പ്രമേയങ്ങളുണ്ട്.

A. ദൈവം ഏകനാണ്.

B. പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവമാണ്.

C. പിതാവും പുത്രനും പരിശുദ്ധാത്മാവും വ്യത്യസ്ത ആളത്തങ്ങളാണ്.

D. ത്രിത്വത്തിലെ വിഭിന്ന ആളത്തങ്ങൾ നിത്യമാണ്.

E. ത്രിത്വത്തിലെ ആളത്തങ്ങൾക്കു തമ്മിൽ സത്താസമത്വം ഉണ്ട്.

**A. ദൈവം ഏകനാണ് :** ദൈവത്തിന്റെ ഏകത്വം വിവക്ഷിക്കുന്നത് ദൈവം ഏകനാണെന്നും ദൈവത്തിന്റെ പ്രകൃതി അവിഭക്തവും, അവിഭാജ്യവും ആണെന്നും അത്രേ. പഴയനിയമവും പുതിയനിയമവും ഒന്നുപോലെ വെളിപ്പെടുത്തുന്ന സത്യമാണത്.

1. **യഹോവ തന്നെ ദൈവം**; അവനല്ലാതെ മറ്റൊരുത്തനുമില്ല (ആവ 4:35).

2. ആകയാൽ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും യഹോവ തന്നേ ദൈവം, മറ്റൊരുത്തനുമില്ല (ആവ 4:39).

3. യിസ്രായേലേ, കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു; **യഹോവ ഏകൻ തന്നെ** (ആവ 6:4).

4. യഹോവ തന്നേ ദൈവം; മറ്റൊരുത്തനുമില്ല എന്നു ഭൂമിയിലെ സകലജാതികളും അറിയേണ്ടതിനു (1 രാജാ 8:59).

5. ഞാൻ യഹോവയാകുന്നു; മറ്റൊരുത്തനുമില്ല; **ഞാനല്ലാതെ ഒരു ദൈവവുമില്ല**; നീ എന്നെ അറിയാതിരിക്കെ ഞാൻ നിന്റെ അര മുറുക്കിയിരിക്കുന്നു (യെശ 45:5).

6. യഹോവയിൽ യിസ്രായേൽ സന്തതിയെല്ലാം നീതികരിക്കപ്പെട്ടു പുകഴും (യെശ 45:25).

7. ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നെ **നിത്യജീവൻ** ആകുന്നു (യോഹ 17:3).

8. ലോകത്തിൽ വിഗ്രഹം ഏതുമില്ല എന്നും ഏകദൈവമല്ലാതെ ദൈവമില്ല എന്നും നാം അറിയുന്നു (1 കൊരി 8:4).

9. കർത്താവ് **ഒരുവൻ**, വിശ്വാസം ഒന്ന്, സ്നാനം ഒന്ന് (എഫെ 4:5).

10. **ദൈവം ഒരുവനല്ലോ;** ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ (1 തിമൊ 2:5).

11. ദൈവം ഏകൻ എന്നു നീ വിശ്വസിക്കുന്നുവോ; കൊള്ളാം പിശാചുക്കളും അങ്ങനെ വിശ്വസിക്കുകയും വിറെക്കുകയും ചെയ്യുന്നു (യാക്കോ 2:19).

12. നമ്മുടെ രക്ഷിതാവായ ഏകദൈവത്തിന്നു (യൂദാ 25). ദൈവം ഒരു ദൈവം എന്നല്ല; ഏക ദൈവം എന്നത്രേ. അതിനാൽ ദൈവം നിസ്തുല്യനാണ്. പുറ 15:11, സെഖ 14:19. അനന്തവും സമ്പൂർണ്ണവുമായ സത്ത ഒന്നേ ആകാവൂ. ഒന്നിലധികം സത്തയെക്കുറിച്ചുള്ള ധാരണ സ്വഗത വിരുദ്ധവും അയുക്തിയവുമാണ്. ദൈവത്തിന്റെ പ്രകൃതിയെക്കുറിച്ച് ആവ 6:4-ൽ വ്യക്തമാക്കിയിട്ടുണ്ട്. "യിസ്രായേലേ കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ ഏകൻ തന്നെ." ദൈവത്തെ വിഭജിക്കാൻ സാദ്ധ്യമല്ല. മനുഷ്യനു ഭൗതികവും അഭൗതികവുമായ അംശങ്ങളുണ്ട്. എന്നാൽ ദൈവം ആത്മാവാകുന്നു. ഏകത്വം എന്നത് ഏകകം അല്ലാത്തതുകൊണ്ട് ഏകത്വം ത്രിത്വത്തിന്റെ ആശയത്തിനു വിരുദ്ധമല്ല. ദൈവത്തിന്റെ ഏകത്വം ആളത്ത സവിശേഷതകളെ ദൈവിക ഭാവത്തിൽ നിലനില്ക്കുവാൻ അനുവദിക്കുന്നു. ദൈവിക സത്തയ്ക്കുള്ളിലുള്ള സത്തയെ ത്രിത്വത്തിന്റെ മൂന്നു ആളത്തങ്ങളും വേർപ്പെടുത്തുന്നു.

## B. പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവമാണ് : (1) പിതാവ് ദൈവമാണ് :

പിതാവിന്റെ ദൈവത്വത്തെക്കുറിച്ച് അധികം സംശയത്തിനിടയില്ല. പഴയനിയമത്തിലും പുതിയനിയമത്തിലും വേണ്ടുവോളം തെളിവുകളുണ്ട്. പിതാവായ ഏകദൈവമേ നമുക്കുള്ളു (1 കൊരി 8:6) എന്നു പൗലൊസ് വ്യക്തമായി വെളിപ്പെടുത്തുന്നു. പിതാവ്, ദൈവം എന്നീ പേരുകളെ ക്രിസ്തു പരസ്പരം മാറ്റി പ്രയോഗിക്കുന്നുണ്ട്. (മത്തായ 6:26-30). സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് എന്ന് 26-ാം വാക്യത്തിലും സമാന്തരമായി വയലിലെ പുല്ലിനെ ദൈവം ഇങ്ങനെ ചമയിക്കുന്നു എന്ന് 30-ാം വാക്യത്തിലും പറയുന്നു. തുടർന്ന് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്ക് ആവശ്യം എന്ന് അറിയുന്നുവല്ലോ എന്ന് 32-ാം വാക്യത്തിലും പറയുന്നുണ്ട്. യേശു ദൈവം എന്നു പറഞ്ഞിട്ടുള്ള പല സ്ഥാനങ്ങളിലും പിതാവാണ് തന്റെ മനസ്സിൽ നിറഞ്ഞുനിന്നത്. മത്തായി 19:26, 27:46, മർക്കൊ 12:17, 24-27.

**(2) യേശു (പുത്രൻ) ദൈവമാണ് :** യേശുവിന്റെ ദൈവത്തെക്കുറിച്ചുള്ള പ്രത്യേകപരാമർശങ്ങൾ അധികവും പുതിയനിയമത്തിലാണ്. പഴയനിയമത്തിലും ചില സൂചനകളുണ്ട്; പക്ഷേ അവ പ്രവാചകപുസ്തകങ്ങളിലാണ്. വരാനിരിക്കുന്ന മശീഹയെക്കുറിച്ച് **യെശയ്യാവ് പ്രവചിച്ചു.** "നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും"(യെസ 9:6). മശീഹയെ പ്രവാചകൻ വീരനാം ദൈവം എന്നു വിളിക്കുന്നു. "അവൻ ദൈവരൂപത്തിൽ ഇരിക്കെ **ദൈവത്തോടുള്ള സമത്വം** മുറുകെപിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ" (ഫിലി 2:6) എന്നു പൗലൊസ് എഴുതി. ഇവിടെ **രൂപം എന്നതിന് മോർഫീ** എന്നാണ് ഗ്രീക്ക്. ദൈവത്തിന്റെ സകലസാരാംശവും ഉൾക്കൊള്ളുന്നു എന്നാണ് ആ പ്രയോഗത്തിന്റെ ധ്വനി. എബ്രായലേഖനത്തിൽ ആദ്യത്തെ മൂന്നു വാക്യങ്ങളിൽ ക്രിസ്തുവിന്റെ ദൈവത്വത്തെ സ്പഷ്ടമായി ചിത്രീകരിച്ചിരിക്കുന്നു. **പുത്രൻ മുഖാന്തരം ദൈവം** അരുളിച്ചെയ്തു എന്നും **അവനെ സകലത്തിനും അവകാശിയാക്കി** വച്ചു എന്നും **അവൻ മുഖാന്തരം പ്രപഞ്ചത്തെ സൃഷ്ടിച്ചു** എന്നും പറഞ്ഞശേഷം ക്രിസ്തുവിന്റെ ആളത്തത്തെ "അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ടു പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയശേഷം ഉയരത്തിൽ **മഹിമയുടെ വലത്തുഭാഗത്തു ഇരിക്കയും**" (എബ്രാ 1:3) ചെയ്തു എന്നു പറഞ്ഞിരിക്കുന്നു. ക്രിസ്തു ദൈവത്തിന്റെ ആളത്തത്തിന്റെ സാക്ഷാൽ പ്രതിരൂപം അഥവാ മുദ്ര ആണ്. ക്രിസ്തുവിന്റെയും ദൈവത്തിന്റെയും സത്താസമത്വം സംശയത്തിന് ഇട നല്കാതെ ഈ പ്രയോഗം വ്യക്തമാക്കുന്നു. തുടർന്ന് 8–ാം വാക്യത്തിൽ പിതാവായ ദൈവം പുത്രനെ ദൈവം എന്നു വിളിക്കുന്നതായി സങ്കീ 45:6–ൽ നിന്നും ഉദ്ധരിക്കുന്നു. "ദൈവമോ നിന്റെ സിംഹാസനം എന്നും എന്നേക്കും ഉള്ളതാകുന്നു. നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നീതിയുള്ള ചെങ്കോലാകുന്നു" തുടർന്ന് 10–ാം വാക്യത്തിൽ ക്രിസ്തുവിനെ ദൈവം കർത്താവേ എന്നു വിളിക്കുന്നത് തെളിയിക്കുവാൻ സങ്കീ 102:25 ഉദ്ധരിക്കുന്നു. യോഹ 1:1–ൽ **വചനം ദൈവമായിരിക്കുന്നു** എന്നു പ്രത്യക്ഷമായി പറഞ്ഞിട്ടുണ്ട്. ഈ വാക്യത്തിൽ വചനത്തിന്റെ നിത്യാസ്തിക്യവും (ആദിയിൽ വചനം ഉണ്ടായിരുന്നു), ദൈവിക ആളത്തവും അതായത് ദൈവത്തോടുള്ള സമത്വവും (വചനം ദൈവത്തോടു കൂടെ ആയിരുന്നു), വചനത്തിനു ദൈവത്തോടുള്ള അഭേദവും (വചനം ദൈവം ആയിരുന്നു) വ്യക്തമാക്കിയിട്ടുണ്ട്. ക്രിസ്തുവിന്റെ ദൈവത്വത്തെ തെളിയിക്കുന്ന മറ്റുചില ഭാഗങ്ങൾ കൂടി ഉദ്ധരിക്കുന്നു.

1. തോമസ് അവനോടു : **എന്റെ കർത്താവും എന്റെ ദൈവവും** ആയുള്ളോവേ എന്നു ഉത്തരം പറഞ്ഞു (യോഹ 20:28).

2. ജഡപ്രകാരം ക്രിസ്തുവും അവരിൽ നിന്നല്ലോ ഉത്ഭവിച്ചതു; അവൻ സർവ്വത്തിനും മീതെ ദൈവമായി എന്നെന്നേക്കും വാഴ്ത്തപ്പെട്ടവൻ (റോമ 9:5).

3. നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിൽ പ്രത്യക്ഷമായിട്ടും കാത്തുകൊണ്ടു (തീത്തൊ 2:12).

4. ദൈവപുത്രൻ വന്നു എന്നും സത്യദൈവത്തെ അറിവാൻ നമുക്കു വിവേകം തന്നു എന്നും നാം അറിയുന്നു; നാം സത്യദൈവത്തിൽ അവന്റെ പുത്രനായ യേശുക്രിസ്തുവിൽ തന്നേ ആകുന്നു (1 യൊഹ 5:20).

സ്വന്തം ദൈവത്വത്തെക്കുറിച്ചു ക്രിസ്തുവിനുണ്ടായിരുന്ന അവബോധവും നാം മനസ്സിലാക്കേണ്ടതാണ്. പന്ത്രണ്ടാമത്തെ വയസ്സിൽ സ്വന്തം പിതാവ് ആരാണെന്നും തനിക്കുള്ള പിതാവിന്റെ അവകാശവും ക്രിസ്തു വെളിപ്പെടുത്തി. "എന്നെ തിരഞ്ഞതു എന്തിനു? എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടതു എന്നു നിങ്ങൾ അറിയുന്നില്ലയോ എന്നു പറഞ്ഞു:" (ലൂക്കോ 2:49). ദൈവത്തിന്റെ ദൂതന്മാർ (ലൂക്കൊ 12:8–9, 15:10) തന്റെ ദൂതന്മാരാണെന്നും (മത്താ 13:41), ദൈവത്തിന്റെ രാജ്യം തന്റെ രാജ്യമാണെന്നും ക്രിസ്തു അവകാശപ്പെട്ടു; (മത്താ 12:28, 19:14–24, 21:31–43). ദൈവത്തിന്റെ വൃതന്മാർ തന്റെ വൃതന്മാരാണ്. (മത്തായി 12:28, 19:14–24, 21:31–43) ദൈവത്തെക്കുറിച്ചുള്ള പല പഴയനിയമപരാമർശങ്ങളും തന്നെക്കുറിച്ചുള്ളതായി ക്രിസ്തു ഉദ്ധരിച്ചു. മത്താ 25–ലെ ന്യായവിധിയുടെ രംഗം ദാനി 7:9–10; യോവേ 3:1–12, സെഖ 14:5 എന്നീ ഭാഗങ്ങളെ പ്രതിബിംബനം ചെയ്യുന്നു. പുതിയനിയമത്തിൽ ഭാവിവിധികർത്താവ് ദൈവമാണെന്നും ക്രിസ്തുവാണെന്നും പറഞ്ഞിട്ടുണ്ട്. ഈ ഭാഗങ്ങൾ ദൈവവും ക്രിസ്തുവും തമ്മിലുള്ള അഭിന്നത്വവും ക്രിസ്തു എന്ന ദൈവമാണ് വിധികർത്താവെന്ന സത്യവും പ്രദ്യോതിപ്പിക്കുന്നു. യഹോവയുടെ പ്രവൃത്തികൾ ക്രിസ്തു ഏറ്റെടുക്കുന്ന അനേകം പരാമർശങ്ങളുണ്ട്. ദാനി 7:9 ലോകരാഷ്ട്രങ്ങളെ വിധിക്കുന്നതിന് വയോധികൻ ഇരിക്കുന്ന രംഗമാണ്. തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കുന്ന വയോധികൻ താനാണെന് ക്രിസ്തു വെളിപ്പെടുത്തി. പഴയനിയമത്തിലെ ഇടയനും മണവാളനും ആയ യഹോവ താനാണെന്ന് ക്രിസ്തു പ്രസ്താവിച്ചു.

**(3) പരിശുദ്ധാത്മാവ് ദൈവമാണ് :** ക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചുള്ള ഉപദേശം സാന്ദ്രമായ ശേഷമാണ് പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ഉപദേശം സമർത്ഥിക്കപ്പെട്ടത്. **നിഖ്യാ വിശ്വാസപ്രമാണം** പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെ അസന്നിഗ്ദ്ധമായി അവതരിപ്പിച്ചു. "കർത്താവും ജീവിപ്പിക്കുന്നവനും പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നവനും പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെടുന്നവനും, പ്രവാചകരെക്കൊണ്ട് പറയിച്ചവനുമായ പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. "പിതാവിന്റെയും പുത്രന്റെയും ദൈവത്വത്തെ കുറിച്ച് ഉള്ളിടത്തോളം തെളിവുകൾ പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെക്കുറിച്ചില്ല. എങ്കിലും ചില പ്രത്യക്ഷപരാമർശങ്ങൾ ലഭിക്കുന്നുണ്ട്.

ദൈവിക ലക്ഷണങ്ങൾ പരിശുദ്ധാത്മാവിൽ ഉണ്ട് :

1. നിത്യത്വം : പരിശുദ്ധാത്മാവു നിത്യാത്മാവാണ് (എബ്രാ 9:14).
2. സർവ്വവ്യാപകത്വം (സങ്കീ 139:7–10)
3. സർവ്വശക്തൻ (ലൂക്കൊ 1:35)

## C. പിതാവും പുത്രനും പരിശുദ്ധാത്മാവും വ്യത്യസ്ത ആളത്തങ്ങളാണ്

ദൈവിക ആളത്തങ്ങൾ വിഭിന്നങ്ങളാണെന്ന് പറയുമ്പോൾ പിതാവു പുത്രനെ പരിശുദ്ധാത്മാവോ അല്ലെന്നും പുത്രൻ പിതാവോ പരിശുദ്ധാത്മാവോ അല്ലെന്നും പരിശുദ്ധാത്മാവ് പുത്രനോ പിതാവോ അല്ലെന്നും വ്യക്തമാക്കുന്നു. പരിശുദ്ധാത്മാവു പിതാവിൽ നിന്നും പുത്രനിൽ നിന്നും വ്യത്യസ്തനാണെന്ന് ക്രിസ്തു തന്നെ വെളിപ്പെടുത്തി. പിതാവും പുത്രനും പരിശുദ്ധാത്മാവിനെ അയക്കുന്നതായി പറഞ്ഞിട്ടുണ്ട്. (യോഹ 14:16, 17:26, 15:26). നിങ്ങൾ മക്കൾ ആകകൊണ്ടു അബ്ബാ പിതാവേ എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു.

## D. ത്രിത്വത്തിലെ വിഭിന്ന ആളത്തങ്ങൾ നിത്യമാണ്

പിതാവിനോടുകൂടെ നിത്യത മുതൽ ക്രിസ്തുവിന്റെ അസ്തിത്വം സൂചിപ്പിക്കുന്ന ബൈബിൾ ഭാഗങ്ങളാണ് യോഹ 1:1, 17:5,24; ഫിലി 2:6. പരിശുദ്ധാത്മാവിന്റെ നിത്യാസ്തികൃത്തെ ചൂണ്ടിക്കാണിക്കുന്ന വാക്യങ്ങളാണ് ഉല്പ 1:2, എബ്രാ 9:14. പരിശുദ്ധാത്മാവിനെ നിത്യാത്മാവെന്ന് നാമകരണം ചെയ്യുന്നു. പിതാവിനും പുത്രനും തമ്മിലുള്ള നിത്യബന്ധത്തിന്റെ സ്വഭാവത്തെ ജനിപ്പിക്കൽ എന്നാണ് പറയുന്നത്. നിത്യജനനം നിത്യമായ പുറപ്പാടിനെ അഥവാ നിസ്സരണത്തെ കാണിക്കുന്നു. "നിയോ, ബെത്ലഹേം എഫ്രാത്തേ, നീ യെഹൂദാസഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിനു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽ നിന്നു ഉത്ഭവിച്ചുവരും; **അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നെ.**" (മീഖാ 5:2).

## E. ത്രിത്വത്തിലെ ആളത്തങ്ങൾക്കു തമ്മിൽ സത്താസമത്വം ഉണ്ട്

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും തമ്മിൽ സമത്വം ഉണ്ട്. ഈ സമത്വം പിതാവ് ഒന്നാമൻ, പുത്രൻ രണ്ടാമൻ, പരിശുദ്ധാത്മാവ് മൂന്നാമൻ എന്ന ക്രമത്തെ ഒഴിവാക്കുന്നില്ല. ഈ ക്രമീകരണം ക്രമത്തെ സംബന്ധിക്കുന്നതു മാത്രമാണ്. അതു പദവിയിലോ മഹത്വത്തിലോ ശക്തി യിലോ നിത്യസ്തികൃത്തിലോ ഉള്ള വ്യത്യാസത്തെ വിവക്ഷിക്കുന്നില്ല. പിതാവിനു വിധേയരാണെങ്കിലും പരിശുദ്ധാത്മാവും പുത്രനും തുല്യരാണ്; വിധേയത്വമാകട്ടെ സ്വേച്ഛയാ ഉള്ളഥാണ്, നിർബന്ധപൂർവ്വമുള്ളതല്ല. "അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു" (ഫിലി 2:6–8). ദൈവത്തിന്റെ പിതൃത്വം നിത്യത മുതല്ക്കുള്ളതാണ്. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായത് ദൈവത്തിന്റെ പിതൃത്വമാണ്.

**കൂട്ടാളി :** സെഖ്യരാവ് 13:7 ഈ വചനത്തിൽ ഇടയൻ എന്ന് വിളിക്കപ്പെടുന്നവരും കൂട്ടാളി എന്ന് വിളിക്കപ്പെടുന്നവനും യേശുക്രിസ്തുവിനെയാണ് സൂചിപ്പിക്കുന്നത്.

കൂട്ടാളി, പിതാവ് പുത്രൻ പരിശുദ്ധാത്മാവ്.

## പ്രത്യേക ശ്രദ്ധയ്ക്ക്

☐ ഞങ്ങളുമായി ഫോണിൽ ബന്ധപ്പെടാനാകാത്തവർ കത്തുകളിലൂടെ, നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ അയക്കാവുന്നതാണ്.

☐ ഇ–മെയിൽ എഴുതുമ്പോൾ മുഴുവിലാസവും, ഫോൺ നമ്പരും വയ്ക്കാൻ മറക്കരുത്. കത്തിലൂടെ മറുപടി എഴുതാൻ അത്സ സഹായമായിരിക്കും. ആഴ്ചയിൽ രണ്ട് ദിവസം മാത്രം ഭവനത്തിലുള്ളതിനാൽ എന്റെ യാത്രയ്ക്കിടയിൽ മറുപടികൾ എഴുതും. അതിന് മുഴുവിലാസം ആവശ്യമെന്ന് ഒരിക്കൽ കൂടെ ഓർമ്മിപ്പിക്കുന്നു.

**ചോദ്യവും ഉത്തരങ്ങളും**

# ശ്രീലങ്കൻ യോഗം - മിഷണറി വേല

**ചോദ്യം :**

കഴിഞ്ഞ ഏപ്രിൽ മാസം 2017 ൽ ശ്രീലങ്കയിലെ GALE FACE എന്ന സ്ഥലത്ത് നടന്ന യോഗങ്ങൾ വളരെ അനുഗ്രഹമായിരുന്നു. താങ്കളുടെ ശുശ്രൂഷാ മധ്യേ "സഭകൾ മിഷണറി വേലക്ക് മുഖ്യസ്ഥാനം നല്കണം" എന്ന് പറഞ്ഞിരുന്നു. ശ്രീലങ്കയിൽ ഇന്ത്യയിൽ ഉള്ളതുപോലെ remote area കൾ ഇല്ലല്ലോ? അങ്ങനെയെങ്കിൽ വേറെ ഏതു രീതിയ്ക്കു മിഷണറി വേല ചെയ്യാം?

**ഉത്തരം :**

ശ്രീലങ്കയിലെ BATICOALO എന്ന സ്ഥലം ഒരു കാലത്ത് remote area ആയിരുന്നു. 32 വർഷങ്ങൾക്കു മുമ്പ് ആ area യെക്കുറിച്ച് ശ്രീലങ്കയിലെ Sun എന്ന ഇംഗ്ലീഷ് പത്രത്തിലൂടെ വേഡാസ് എന്നു വിളിക്കപ്പെടുന്ന ആദിവാസികളെക്കുറിച്ചുള്ള വിവരങ്ങൾ വായിച്ചറിഞ്ഞു. കർത്താവിൽ നിദ്രപ്രാപിച്ച Dr.Vincent എന്ന വ്യക്തിയോടൊപ്പം ഒരു ടീം ആദ്യമായി എന്റെ നേതൃത്വത്തിൽ അവിടെ സുവിശേഷവുമായി കടന്നുചെന്നു. പിന്നെ ആ സ്ഥലം ശ്രീലങ്കയിലെ civil war area ആയതിനാൽ അവിടെ പോകാനായില്ല.









ശ്രീലങ്കയിലെ ദൈവമക്കൾ സുവിശേഷ വേലക്കായി remote area കൾ തേടേണ്ടതില്ല. പക്ഷെ സുവിശേഷ വേലയ്ക്കു ധാരാളം സാധ്യതകളുണ്ട്. **വവുനിയ, ജാഫ്ന, ത്രികോണമല, നുവരേലിയ, മന്നാൽ** തുടങ്ങിയ സ്ഥലങ്ങളിൽ സുവിശേഷമറിയിക്കാൻ പറ്റിയ സ്ഥലമാണ്. ഇപ്പോൾ ലഭിച്ചിരിക്കുന്ന അനുകൂല സാഹചര്യം പരമാവധി പ്രയോജനപ്പെടുത്തുക! സുവിശേഷം ഒരിക്കൽപ്പോലും കേൾക്കാത്ത ധാരാളം ജനം ഈ ഭാഗത്തുണ്ട്. ഈ സ്ഥലങ്ങളിൽ ധാരാളം രോഗികളും വിവിധ ആവശ്യങ്ങൾക്കായി മനോഭാരത്താൽ കഷ്ടപ്പെടുന്നവരുമാണ്. ജീവിതത്തിൽ എല്ലാം നഷ്ടപ്പെട്ട് ഉറ്റവരും ഉടയവരും ഇല്ലാതെ ചിതറിപ്പാർക്കുന്ന ഈ ജനം എത്രയോ പരിതാപകരമായ സ്ഥിതിയിലാണ്. അവർക്കു ക്രിസ്തുവിന്റെ സമാധാനം നല്കുക. മനസ്സിൽ ഏല്പിക്കപ്പെട്ട ക്ഷതങ്ങളുടെ വ്രണം ആറാതെ കിടപ്പുണ്ട്. കർത്താവിനെ അവർക്കു പരിചയപ്പെടുത്തുക. ശ്രീലങ്കയിൽ നടന്ന civil war നാൽ ആയിരക്കണക്കിന് കുഞ്ഞുങ്ങൾ അനാഥരായി. പല സ്ഥലങ്ങളിലെ അനാഥമന്ദിരങ്ങളിൽ അഭയാർത്ഥികളായിക്കഴിയുന്നു. ഭൂരിപക്ഷം കുഞ്ഞുങ്ങളും യൗവ്വനാപായത്തിലായി. ഈ പ്രായത്തിലാണ് ക്രിസ്തുവിനെ വേണ്ടത്. അവരുടെ ഹൃദയത്തിലെ ശൂന്യത, കയ്പ് എന്നിവ മാറണം. ഞങ്ങൾക്കു ഒരു ജീവിതം ഉണ്ടോ? ഭാവി ഉണ്ടോ? എന്ന ആകാംക്ഷ അവരെ വല്ലാതെ അലട്ടുന്നു.

ഈ തക്കസമയത്ത് അവർക്ക് ക്രിസ്തുവിനെ പരിചയപ്പെടുത്തിയാൽ അതാവും അവർക്കു നല്കാവുന്ന ഏറ്റവും വലതും വിലപിടിപ്പുള്ളതുമായ സമ്മാനം! കാരണം, ഈ പ്രായത്തിലാണ് മനുഷ്യൻ ഏറ്റവും തെറ്റ് ചെയ്യുന്നത്. ശരീരവികാരങ്ങൾ തിരതള്ളുന്നത് ഈ പ്രായത്തിലാണ്. ഇന്ന് അവർക്ക് 'വിശുദ്ധി' വിതയ്ക്കുന്നില്ലെങ്കിൽ അവർ പാപവഴികളിലേക്ക് തിരിയും. ശ്രീലങ്കയിലെ ചില സുവിശേഷ സംഘടനകളും, സഹോദരിമാർ ചിലരും മാത്രമാണ് യൗവ്വനക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്നത്. ഇത് കടലിൽ കായം കലക്കുന്നതിന് തുല്യമത്രേ. രക്ഷിക്കപ്പെട്ട അനേകരും ശ്രീലങ്കയിലുണ്ട്. അവർ തങ്ങളുടെ ജോലികൾ കളയാതെ തന്നെ പാർട്ട്ടൈം ആയി ഈ ശുശ്രൂഷ ചെയ്യാവുന്നതാണ്. ആഴ്ചയിൽ ഒരു ദിവസം ചില മണിക്കൂർ വീതം മാറ്റിവെച്ച് സമയങ്ങൾ ക്രമീകരിച്ചാൽ ഈ മഹത്തായ ശുശ്രൂഷ ചെയ്യാവുന്നതേയുള്ളൂ. 2017 ഏപ്രിലിൽ GALE FACE ൽ നടന്ന ശുശ്രൂഷയിൽ എന്നെക്കാണാൻ ഒരു കുടുംബം വന്നിരുന്നു. മറ്റാരെയും അറിയിക്കാതെ അവരുടെ സഭയ്ക്കുപോലും അറിയാതെ യുവതിയുവാക്കളുടെ ഇടയിലെ ഈ ശുശ്രൂഷ ചെയ്തുവരുന്നു. സ്വന്തമായി വാഹനം പോലും ഇല്ലെങ്കിലും പല ബസ്സുകൾ കയറി ഈ ശുശ്രൂഷ ചെയ്യുന്നു. ഇവരെയോർത്ത് ദൈവത്തെ സ്തുതിക്കുന്നു. മനസ്സും ആത്മഭാരവുമുണ്ടെങ്കിൽ ശുശ്രൂഷ ചെയ്യാനുള്ള വഴികളെ ദൈവം തന്നെ തുറന്ന് തരും.

ശുശ്രൂഷയ്ക്കിടയിൽ യുവതീയുവാക്കളെ തങ്ങളുടെ ലൈംഗികാവശ്യങ്ങൾക്കു ഉപയോഗിക്കുന്ന ശുശ്രൂഷരെക്കുറിച്ച് വാർത്തകൾ കേൾക്കുന്നു. ഇങ്ങനെയുള്ളവരിൽ നിന്നും ഈ തലമുറയെ സൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.

അനാഥ മന്ദിരങ്ങളിൽ ലെസ്ബിയൻ, ഹോമാ സെക്സ് തുടങ്ങിയ അവിഹിത ബന്ധങ്ങളും ഉണ്ട്. 'സുനാമി കണ്ണുനീർ തുടയ്ക്കൽ ശുശ്രൂഷയ്ക്ക്' വന്നപ്പോൾ ഈ വാർത്തകൾ കേട്ടു. അനേകരെ കയ്യോടെ പിടിച്ചു. ഇവർക്കു മാസത്തിലൊരിക്കൽ Clinical Psychologist കളുടെ ലേഖനംങ്ങൾ ലഭ്യമാക്കി പാപവഴികളിൽ നിന്ന് പിൻതിരിപ്പിക്കണം. നിങ്ങളുടെ ചോദ്യത്തിന് നന്ദി. അനേകർക്ക് ഇത് പ്രയോജനകരമായിരിക്കും എന്ന് വിശ്വസിക്കുന്നു.



# പീലാത്തോസ്

**Dr.Theodre Williams**

നമ്മുടെ ജീവിതത്തിൽ എടുക്കേണ്ട തീരുമാനങ്ങൾ തക്കസമയത്ത് ദൈവഹിതപ്രകാരം ചെയ്തില്ലെങ്കിൽ രക്ഷപ്പെടാനാകില്ല; നീട്ടിവയ്ക്കാനുമാകില്ല. ഇത് പീലാത്തോസിന്റെ ജീവിതത്തിൽ നിന്ന് മനസ്സിലാക്കാം.

ലൂക്കോസ് എഴുതിയ സുവിശേഷം 23–ാം അദ്ധ്യായത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കട്ടെ: യേശുവിനെ പീലാത്തോസിന്റെ മുമ്പിൽ നിർത്തിയിരിക്കുന്നു. യേശുവിനെ ന്യായംവിധിക്കാനുള്ള ചുമതല ഇപ്പോൾ പീലാത്തോസിനാണ്. ഈ നല്ല സന്ദർഭം തന്റെ ആത്മരക്ഷയുടെ അവസരമാക്കിത്തീർക്കാമായിരുന്നു.

പീലാത്തോസ് തന്റെ ജീവിതകാലം മുഴുവൻ തന്റെ ഇഷ്ടപ്രകാരം ജീവിച്ചവനായിരുന്നു. മനഃസാക്ഷി കഠിനമാക്കി തന്റെ ഹിതപ്രകാരം നോക്കി ജീവിച്ചവൻ. പക്ഷേ ഈ സമയത്തിലും ദൈവം ഒരു അവസരം തനിക്കായി നല്കുന്നു. പീലാത്തോസിന്റെയും സർവ്വലോകരുടെയും രക്ഷകൻ അവന്റെ മുമ്പാകെ നിർത്തപ്പെട്ടിരിക്കുന്നു.

യേശു യഹൂദന്മാരുടെ – രാജാവ്, മിശിഹാ എന്ന് അറിഞ്ഞിരുന്നു. അവിടുന്നു ദൈപുത്രൻ എന്നും കേട്ടിരുന്നു. ഈ വാക്കുകൾ കേട്ട് മനസ്സ് കലങ്ങിയിരുന്നു. ഇതാ ഒരു സുവർണ്ണാവസരം ദൈവം അവന് നല്കുന്നു.

പ്രിയ സഹോദരാ സഹോദരി നാം നിനച്ചിരിക്കാത്ത വേളകളിലും സമയങ്ങളിലും ദൈവം നമ്മെ സന്ദർശിക്കാൻ വരുന്നു. നമ്മുടെ ചുറ്റുമുള്ളവരിലും സാഹചര്യങ്ങൾ വഴിയും തന്റെ വചനം വഴിയ്ക്കും ദൈവം നമ്മോട് സംസാരിക്കുന്നു. നമ്മുടെ ഉള്ളിൽ പരിശുദ്ധാത്മാവും പക്ഷവാദം ചെയ്യുന്നു. ഇവയൊക്കെ നാം ശ്രദ്ധിച്ചിട്ടുണ്ടോ? പ്രത്യേകിച്ച് കർത്താവിനെക്കുറിച്ച് ചിന്തിക്കാനോ, കേൾക്കാനോ അവസരം ലഭിക്കുമ്പോൾ നമ്മോട് സംസാരിക്കാൻ ശ്രമിക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ? ഇനിയും എത്രയോ വഴികളിലൂടെ ദൈവം സംസാരിച്ചുകൊണ്ടേയിരിക്കുന്നു!

പീലാത്തോസും യഹൂദന്മാരിലൂടെ കർത്താവിനെക്കുറിച്ച് പല കാര്യങ്ങൾ കേട്ടുകൊണ്ടിരിക്കുന്നു. ഈ രീതിയിൽ ദൈവശബ്ദം അവന് കേൾക്കാൻ അവസരം ലഭിച്ചു. തന്റെ ഭാര്യയിലൂടെയും ദൈവം അവനോട് ഇടപെട്ടു. യേശു യാതൊരു തെറ്റും ചെയ്തിട്ടില്ല; നിരപരാധി എന്ന് തന്റെ ഭാര്യ പ്രത്യേകം എടുത്തു പറയുന്നു. ഇതിന്റെ മധ്യത്തിൽ മനഃസാക്ഷിയുടെ ശബ്ദം വേറെ. നീതി, ന്യായം എന്നിവയുടെ അടിസ്ഥാനത്തിൽ പീലാത്തോസ് നടക്കേണ്ട നേരം. യേശുക്രിസ്തു കുറ്റമില്ലാത്തവൻ, നിരപരാധി എന്ന് വിവിധ വിചാരണകളിലൂടെ മനസ്സിലാക്കി. മൂന്ന് തവണ താൻ വിചാരണ ചെയ്തതായി പീലാത്തോസ് തന്നെ പറയുന്നുണ്ട്. ഇപ്പോൾ ജനങ്ങളുടെ ശബ്ദം പീലാത്തോസ് കേൾക്കുന്നു. അതു ജനക്കൂട്ടത്തിന്റെ ശബ്ദം. ഈ ശബ്ദം എന്തു പറയുന്നു : “അവനെ ക്രൂശിക്ക, അവനെ ക്രൂശിക്ക” (ലൂക്കൊ 23:21). അവസാനം ജനങ്ങളുടെ ശബ്ദത്തിന്, നിലവിളിക്ക് തലചായിച്ചു.

ചില സഹോദരി സഹോദരാ, ദൈവശബ്ദം കേൾക്കുമ്പോൾ മറ്റ് ശബ്ദങ്ങളെ നാം മാറ്റിവയ്ക്കണം; മറ്റ് ശബ്ദങ്ങൾക്ക് കാത് അടയ്ക്കണം. ഇല്ലെങ്കിൽ മറ്റ് ശബ്ദങ്ങൾക്ക് ക്രമേണ വലുതായി വലുതായി അത് ശരിയെന്നും; ദൈവശബ്ദം ക്രമേണ ചെറുതായി ചെറുതായി ശരിയായ തീരുമാനത്തിലെത്താതെയാകും.

ദൈവശബ്ദം കേൾക്കുമ്പോൾ ഇത് ശരി ഇത് തെറ്റ് എന്ന് വ്യക്തമായി കാണിച്ചുതരുന്നു. തീരുമാനം നമ്മുടേതാണ്.

ശരിയെ ശരിയെന്നും തെറ്റിനെ തെറ്റെന്നും നാം അംഗീകരിക്കണം. പക്ഷേ ഒരു തീരുമാന ത്തിലും എത്താതെ, തീരുമാനങ്ങളെ നീക്കിവെയ്ക്കാൻ ശ്രമിക്കുമ്പോൾ മനസ്സ് കുഴപ്പത്തിലും കലക്കത്തിലും ആയിത്തീരുന്നു. അതിനുശേഷം തീരുമാനം എടുക്കാനുള്ള ശക്തി നഷ്ടപ്പെടുന്നു. ഈയൊരവസ്ഥ നമ്മുടെ ജീവിതത്തിലും ഉള്ളതല്ലേ.

നിന്റെ ജീവിതത്തിൽ എന്തു ചെയ്യണം ഏതു വഴിയിൽ നടക്കണം എന്ന് ദൈവം വ്യക്തമായി സംസാരിച്ചിട്ടുണ്ട്. പക്ഷേ നിന്റെ സ്വാർത്ഥതയ്ക്കായി ഒരു തീരുമാനത്തിലെത്താതെ മറ്റുള്ളവരുടെ വാക്കുകൾക്ക് ഇടം നല്കി. മറ്റുള്ളവരുടെ ശബ്ദമാണ് ഇപ്പോൾ മുഴച്ച് നില്ക്കുന്നത്. ദൈവശബ്ദം ഇപ്പോൾ തീരെ നേർത്തതായിത്തീർന്നു.

ഇങ്ങനെയുള്ള അവസ്ഥയിലാണ് ജീവിതം കുഴപ്പമേറിയതായിത്തീരുന്നത്. വ്യക്തി, കുടുംബ, സഭാ, സമൂഹ – ജീവിതങ്ങളിൽ ഇത് ദൃശ്യമാണ്. മക്കളുടെ കാര്യത്തിൽ എന്തു ചെയ്യണമെന്ന് ദൈവം വ്യക്തമായി അറിയിച്ചിട്ടും തീരുമാനം എടുക്കാത്തതിനാൽ ബന്ധുക്കളുടെ ശബ്ദം, പാരമ്പര്യങ്ങളുടെ ശബ്ദം തുടങ്ങിയ പല വ്യത്യസ്ത ശബ്ദങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഉച്ചസ്ഥായിൽ ആകുന്നു.

താങ്കൾ ഒരു ചുമതലയിൽ ഉള്ള വ്യക്തിയാണെങ്കിൽ ദൈവവചനത്തിന് വിരുദ്ധമായ തീരുമാനങ്ങൾ എടുക്കേണ്ടി വരികയാണെങ്കിൽ അവിടെ മൗനമായിരുന്നാൽ ദൈവശബ്ദത്തിന് നിങ്ങൾ കാതോർത്തില്ല; അനുസരിച്ചില്ല എന്നർത്ഥം.

**ജാമക്കാരൻ :** ക്രൈസ്തവഗോളത്തിലും Transgenders നെ Homo sexuals നെ സ്ത്രീകളെ – പുരോഹിതരാക്കണം എന്നിങ്ങനെ ദൈവികമല്ലാത്ത പല ശബ്ദങ്ങൾ ഉയർന്നുവരുന്നു; നിലവിളികൾ ഉയരുന്നു. ഇവിടെ ശരിയായ തീരുമാനം എടുക്കാത്ത വ്യക്തികൾക്കു പീലാത്തോസിന്റെ ഗതി തന്നെ ഉണ്ടാകും എന്നതിൽ രണ്ടു പക്ഷമില്ല.

ഹൈദരാബാദിൽ നടന്ന സി.എസ്.ഐ സിനഡിൽ നടന്ന യോഗത്തിൽ Homo sex വിവാഹങ്ങളിൽ നമ്മുടെ നിലപാട് എന്ത്? ഓരോ ഡയോസിസിലെ ബിഷപ്പുമാർ പുരോഹിതന്മാരോടും അവിടുത്തെ കൗൺസിലുകളിലും സംസാരിച്ച് തീരുമാനങ്ങൾ അറിയിക്കണം. അങ്ങനെതന്നെ ഓരോ സെമിനാരികളും ഈ വിഷയം ചർച്ചചെയ്തെടുത്ത് അവരുടെ തീരുമാനങ്ങളും സിനഡിനെ അറിയിക്കണം. എന്നിങ്ങനെ അറിയിച്ചപ്പോൾത്തന്നെ, ഇത് ചർച്ച ചെയ്യേണ്ട വിഷയമല്ലെന്നും, വേദപുസ്തകം തന്നെ ഇതു പാപമെന്ന് (സോദോം ഗൊമോറ പാപം) വ്യക്തമായി എഴുതിയിരിക്കെ എന്തിന് ചർച്ച? എന്തിന് അഭിപ്രായം എന്ന് ആരും ചോദിച്ചില്ല. മറുപടിയും ഉത്തരവും ഇറക്കേണ്ട ബിഷപ്പുമാർ അന്ന് മൗനമായിരുന്നതു പീലാത്തോസ് തന്റെ കർത്തവ്യം നിർവ്വഹിക്കാത്തതുപോലെയായി!! സി.എസ്.ഐ ഈ പാപത്തിന് ഇടം നല്കി! സഭകൾ ജാഗ്രത!!

എടുക്കേണ്ട തീരുമാനങ്ങൾ എടുത്തില്ലെങ്കിൽ ജീവിതം ഫലശൂന്യമായിത്തീരും; തെറ്റിലേക്കും ചെന്നുചേരും. ഇതാണ് പീലാത്തോസിന്റെ ജീവിതം കാട്ടിത്തരുന്നത്. ഉത്സവങ്ങൾ തോറും ഒരു വ്യക്തിയെ ജയിലിൽ നിന്ന് സ്വതന്ത്രനാക്കുന്നത് അന്നത്തെ രീതിയായിരുന്നു. ഇവിടെ രണ്ടുപേർ നിർത്തപ്പെടുന്നു. ഒന്ന് യശു മറ്റേത് ബറബാസ്. ഇതിൽ ആരെ സ്വതന്ത്രമാക്കണം എന്ന തീരുമാനത്തിനായി ജനങ്ങളുടെ ശബ്ദം പീലാത്തോസ് കേൾക്കുന്നു. തീരുമാനമെടുക്കേണ്ട ചുമതല പീലാത്തോസിന്റെതാണ്. അത് ചെയ്യാതെ ജനങ്ങളുടെ ഇഷ്ടത്തിന് താളം തുള്ളുന്നു.

ജനം ബറബാസിനെ തെരഞ്ഞെടുത്തു. യേശുവിനെ ത്യജിച്ചു. ജനത്തിന്റെ ഇഷ്ടത്തിന് പീലാത്തോസ് തലവണങ്ങിയപ്പോൾ ജനങ്ങളുടെ പാപത്തിൽ പീലാത്തോസ് പങ്കുകാരനായി എന്നാണർത്ഥം. ഇങ്ങനെ പാപങ്ങളുടെ കൂമ്പാരം നമ്മുടെ മേൽ ചേർക്കാതെ ദൈവശബ്ദത്തിന് കാതോർക്കുക, അനുസരിക്കുക.

പ്രിയ സഹോദരാ, സഹോദരി നിനക്കായി മറ്റുള്ളവർ കാര്യങ്ങൾ തീരുമാനിക്കാതെ ദൈവവചനത്തിന് സ്ഥാനം നല്കുക, അനുസരിക്കുക. പക്ഷേ പലപ്പോഴും ദൈവവചനത്തേക്കാൾ ജനങ്ങളും ജനനേതാക്കളും ഇടുന്ന ശബ്ദമാണ് ഉച്ചസ്ഥായിലാകുന്നതും അനുസരിക്കുന്നതും (ലൂക്കൊസ് 23:23). ദൈവശബ്ദം തീരെ മങ്ങി. ഇങ്ങനെ നമ്മുടെ ജീവിതത്തിലും ആകരുത്; ഇങ്ങനെയൊരു അവസ്ഥയ്ക്കു സ്ഥാനം കൊടുക്കരുത്.

പ്രിയ സഹോദരാ സഹോദരി / ദൈവശബ്ദം മറന്ന് ദൈവത്തെ / ക്രിസ്തുവിനെ കാട്ടിക്കൊടുക്കുന്നവരാകരുത്. നമ്മുടെ തീരുമാനങ്ങൾ ശരിയായതും, അനുസരണം ദൈവ വ്യവസ്ഥപ്രകാരമുള്ളതും ആയിരിക്കാൻ ദൈവം സഹായിക്കട്ടെ. പൂർണ്ണ അനുസരണമുള്ളവരാകാൻ കർത്താവ് സഹായിക്കട്ടെ, വഴി നടത്തട്ടെ. ആമേൻ.

# കൂട്ടായ്മകൾ

- ☐ നിങ്ങൾ ഓൺലൈൻ, M.O., ചെക്ക് വഴിയായി അയച്ച എല്ലാ സാമ്പത്തിക സഹായത്തിനും വളരെയധികം നന്ദിയുണ്ട്.
- ☐ നിങ്ങൾ എഴുതി അയച്ച എല്ലാ പ്രാർത്ഥനാവിഷയങ്ങൾക്കും ആഴ്ചതോറും പ്രാർത്ഥിക്കുന്നുണ്ട് സൗഖ്യം പ്രാപിച്ചവരും അൽഭുതങ്ങൾ പ്രാപിച്ചവരും എനിക്കെഴുതി അറിയിച്ച വിവരങ്ങൾ അറിഞ്ഞ് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.
- ☐ എനിക്കുവേണ്ടിയും എന്റെ ദൈവവേലയ്ക്കു വേണ്ടിയും പ്രാർത്ഥിച്ചതായി അറിയിച്ച എല്ലാ അച്ചൻമാർക്കും എല്ലാ വിശ്വാസികൾക്കും ദൈവനാമത്തിലുള്ള നന്ദി അറിയിക്കുന്നു.

# വായനക്കാർക്ക് പ്രത്യേക അറിയിപ്പ്

താഴെ കൊടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ ഞാൻ നിർത്തലാക്കി.

1. എസ്.ബി.ടി (സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാൻവൻകൂർ) - **(SBT)**
2. ഐ.ഒ.ബി (ഇന്ത്യൻ ഓവർസീസ് ബാങ്ക്) - **(IOB)**
3. സിൻഡിക്കേറ്റ് ബാങ്ക് - **(Syndicate Bank)**

# മണി ട്രാൻസ്ഫർ & ഓൺലൈൻ മണി ട്രാൻസ്ഫർ

നിങ്ങളുടെ വഴിപാടുകൾ (കാണിക്ക) ചെക്കായിട്ടോ ഡ്രാഫ്റ്റായിട്ടോ ഓൺലൈൻ വഴിയായോ അയക്കണം എന്ന് പരിശുദ്ധാത്മാവ് നിങ്ങളെ പ്രേരിപ്പിക്കുമെങ്കിൽ താഴെ പറയുന്ന എന്റെ പഴയ ബാങ്ക് അക്കൗണ്ടിൽ തന്നെ അയക്കേണ്ടതാണ്. പണം അയച്ചവർ അതിന്റെ വിവരങ്ങളെ കത്തുവഴിയായിട്ടോ ഇ–മെയിൽ വഴിയായിട്ടോ നിങ്ങളുടെ ഫോൺ നമ്പർ വെച്ച് എന്നെ അറിയിച്ചാൽ രസീതു അയക്കാനും പ്രാർത്ഥിക്കാനും വളരെ പ്രയോജനമായിരിക്കും. ഇതുവരെ പണം അയച്ച് ഈ ദൈവവേലയെ സഹായിച്ചവർക്ക് നന്ദി രേഖപ്പെടുത്തുന്നു. (എബ്രായർ 6:10).

**Name : Dr. M.G.E. PUSHPARAJ**

1) **Bank Name :(SBI) State Bank of India Srirangapalayam Branch - SALEM -1970**

**A/c No. 10764116842**

**IFSC CODE : SBIN0001970-10764116842**

**SWIFT CODE : SBININBB637 - 10764116842**

2) **Bank Name: CANARA BANK, Suramangalam Branch - 1219**

**A/c No. 1219101013622**

**IFSC CODE : CNRB0001219 - 1219101013622**

**SWIFT CODE : CNRBINBBSLM - 1219101013622**

# YOUR PAIN OFTEN REVEALS GODS PURPOSE:

**Selected**

Your pain often reveals God's purpose for you. God never wastes a hurt! If you've gone through a hurt, he wants you to help other people going through that same hurt. He wants you to share it.

God can use the problems in your life to give you a ministry to others. In fact, the very thing you're most ashemed of in your life and resent the most could become your greatest ministry in helping other people.

Who can better help somebody going through a bankruptcy than somebody who went through a bankruptcy? Who can better help somebody struggling with an addiction than somebody who's struggled with an addiction?

Who can better help parents of a special needs child than parents who raised a special needs child? Who can better help someboy who's lost a child than somebody who lost a child?

The very thing you hate the most in your life is what God wants to use for good in your life.

The Bible says in 2 Corinthians 1, verses 4 and 6, "God comforts us in all our troubles so that we can comfort others. When we are weighed down with troubles. it is for your comfort and salvation!. For when we ourselves are comforted, we will certainly comfort you. Then you can patiently endure the same things".

This is called redemptive suffering, Redemptive suffering is when you go through a problem of a pain for the benefit of others.

This is what Jesus did. When Jesus died on the cross, he did'nt deserve to die.

He went through that pain for your benefit so that you can be saved and go to Heaven. There are many different causes for the problems. pains and suffering in your life.

Sometimes the stuff that happens you bring on yourself. When you make stupid decisions. then it causes pain in your life. If you go out and overspend and buy things you can't afford and presume on the future. and then you go deeply in debt and lose your house. you can't say, "God,why did you let me lose my house?" You can't blame God for your wrong choices.

But in some of your problems, you're innocent.


You've been hurt by the pain, stupidity, and sins of other people.

And some of the pain in your life is for redemptive suffering God often allows us to go through a problem so that we can then help others.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

# മഹത്വത്തിൽ പ്രവേശിച്ച Br.R. കൃഷ്ണൻകുട്ടി, തിരുവട്ടാർ

ലോകപ്രശസ്ത സുവിശേഷ പ്രഭാഷകൻ ശ്രീ.ആർ.കൃഷ്ണൻകുട്ടി തിരുവട്ടാർ അവർകൾ 2017 മാർച്ച് മാസം ................ തീയതി തന്റെ .......... വയസ്സിൽ ഇഹ ലോക ജീവിതത്തിലെ ഓട്ടം തീർത്ത് കർത്തൃസന്നിധിയിലെത്തി. കന്യാകുമാർ ജില്ലയിലെ കൽക്കുളം താലൂക്കിൽ തിരുവട്ടാർ ദേശത്ത് ചരിത്രപരമായും പ്രകൃതിരമണീയമായും നിരവധി സവിശേഷതകൾ നിറഞ്ഞ കൊൽമേൽ എന്ന ഗ്രാമത്തിൽ ജനനം. അച്ഛൻ രാമൻപിള്ള അമ്മ മാളവള്ളിയമ്മ.




വായനയോടുള്ള പ്രണയം ചെറുപ്പം മുതലേ ഉണ്ടായിരുന്നു. മണ്ണെണ്ണ വിളക്കിന്റെ ഇത്തിരിവെട്ടത്തിൽ രാവേറെ ചെല്ലുന്നതു വരെ വായന തുടരും.

യേശുദാസൻ തിരുവട്ടാറിന്റെ ബാല്യകാല സുഹൃത്താണ്. സി. എസ്.ഐ സഭാംഗമായ യേശുദാസനിൽ നിന്നാണ് യേശുവിനെക്കുറിച്ച് കേൾക്കുന്നത്. എന്നാൽ യേശുക്രിസ്തു ലോകരക്ഷിതാവ് എന്ന നിലപാടിനോടു യോജിച്ചിരുന്നില്ല. 'യേശുക്രിസ്തു വേശ്യാപുത്രൻ' ഇതായിരുന്നു അക്കാലത്ത് തിരുവട്ടാറിന്റെ നിലപാട്. എന്തായാലും തർക്കങ്ങളും വാദങ്ങളും ബൈബിൾ വായനയിലേക്കു തിരിച്ചു. മാർത്താണ്ഡത്ത് നടന്ന ഒരു സുവിശേഷപ്രസംഗമാണ് യേശുവിനെ ഉടമസ്ഥനും നാഥനുമായി സ്വീകരിക്കാൻ ഇടയാക്കിയത്. അങ്ങനെ ഹിന്ദുമതം, കമ്മ്യൂണിസം, യുക്തിവാദം, യോഗം, യോഗ എന്നിങ്ങനെ പലതിൽ നിന്നും തടിതപ്പി ക്രിസ്തുസവിധത്തിൽ സാഷ്ടാംഗപ്രണാമം ചെയ്തു.

യേശുവിനെ രക്ഷകനും കർത്താവുമായി ഹൃദയത്തിൽ സ്വീകരിച്ചവർ സ്നാനം സ്വീകരിക്കണം എന്ന പുതിയനിയമവ്യവസ്ഥ ബൈബിൾ വായനയിലൂടെ തിരിച്ചറിഞ്ഞതിനെ തുടർന്ന് തിരുവട്ടാർ സ്നാനത്തിന് തയ്യാറായി. മലവിള എന്ന സ്ഥലത്തുള്ള പെന്തകോസ്തു സഭാംഗമായ ദേവനേശ്വരൻ സന്ന്യാസിയുടെ കൈക്കീഴിൽ താമ്രപർണ്ണി നദിയിൽ വിശ്വാസസ്നാനം ഏറ്റു. അന്നേദിവസം ദേവനേശ്വരൻ സന്ന്യാസിയുടെ ആശ്രമത്തിൽ സംഘടിപ്പിച്ചിരുന്ന സുവിശേഷ യോഗത്തിൽ തിരുവട്ടാർ തന്റെ കന്നിപ്രസംഗം നടത്തി. ഗലാത്യർ 6:4–ാം വാക്യത്തെ അധികരിച്ചായിരുന്നു കന്നിപ്രസംഗം.

തിരുവട്ടാറിന്റെ പ്രസംഗവാസനയെ കണ്ടറിഞ്ഞ് അതിനെ പരിപോഷിപ്പിച്ചതിന്റെ പ്രതിഫലം നെൽസൺ സന്യാസിക്കു അവകാശപ്പെട്ടതാണ്. കേരളത്തിലും, തമിഴ്നാട്ടിലും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും വിദേശരാജ്യങ്ങളിലുമായി 50–ലധികം വർഷങ്ങൾ പ്രസംഗ / പ്രഭാഷണ ശുശ്രൂഷയിൽ കർത്താവിനെ ഉയർത്തി. ക്രൂശിക്കപ്പെട്ട ക്രിസ്തുവനെ ഉയർത്തി. പ്രഭാഷണങ്ങളിൽ ആരെയും കൂസാതെ വിമർശിക്കുമായിരുന്നു. കൈയ്യിൽ ബൈബിൾ എടുക്കാതെ മണിക്കൂറുകൾ ബൈബിൾ വചനങ്ങൾ ഒഴുകി ഒഴുകി എത്തി പ്രസംഗിച്ച പ്രസംഗശ്രേഷ്ഠനാണ് തിരുവട്ടാർ. പ്രഭാഷണ വേദികളിൽ പലപ്പോഴും പോലീസിന്റെ സാന്നിധ്യമുണ്ടായിരുന്നു. വധഭീഷണികളെ തെല്ലും വകവച്ചില്ല. 'ജീവിച്ചാൽ ക്രിസ്തുവിനായ്, മരിച്ചാൽ ക്രിസ്തുവിനായ്' ഇത് ചങ്കുറപ്പോടെ വിളിച്ചു പറഞ്ഞു.

ചെറുതും വലുതുമായ 45 ഗ്രന്ഥങ്ങളുടെ രചയിതാവാണ് തിരുവട്ടാർ. ട്രാക്റ്ററുകൾ എഴുതി രചന തുടങ്ങി. ആരാകുന്നു ക്രിസ്ത്യാനികൾ ഇതാണ് ആദ്യഗ്രന്ഥം. പരന്ന വായനയുടെയും ഗവേഷണത്തിന്റെയും ഉല്പന്നങ്ങളാണ് ഓരോ പുസ്തകങ്ങളും. ഭാരതീയ മതഗ്രന്ഥം, തമസ്സോമ ജ്യോതിർഗമയ, മലാഖി മുതൽ ക്രിസ്തുവരെ, യേശുക്രിസ്തു ചരിത്ര പുരുഷൻ, അവതാരം, ക്രിസ്തുശാസ്ത്രം, ഭാരതീയ മതങ്ങളിലൂടെ, ജംപുദ്വീപം, യേശുക്രിസ്തു സമ്പൂർണ്ണ വിപ്ലവകാരി, ഇവൻ ആർ, യെശയ്യാവിന്റെ പ്രവചനം – 53, യേശുക്രിസ്തു കർത്താവ്, ലോകൈക രക്ഷകൻ, ഇസ്ലാമിനെക്കാൾ അതിശ്രേഷ്ഠം ക്രൈസ്തവം, യേശുക്രിസ്തുവിന്റെ മാർഗ്ഗവും മുഹമ്മദിന്റെ മതവും, യേശുക്രിസ്തു – ഇസ്ലാം ആദ്യവേദങ്ങളിൽ, ക്രൈസ്തവ ഇസ്ലാം സംവാദം, പത്മൊസിലെ ക്രിസ്തു, എബ്രായർക്കു എഴുതിയ ലേഖനത്തിന് ഭാഷ്യം, യോഹന്നാൽ എഴുതിയ ലേഖനങ്ങൾക്കൊരു വ്യാഖ്യാനം, വെളിപ്പാട് പുസ്തക വ്യാഖ്യാനം, അപ്പോസ്തലനായ പൗലൊസ്, ഈശ്വരൻ മനുഷ്യൻ ക്രിസ്തു, യിസ്രായേൽ ബൈബിൾ പ്രവചനങ്ങളിൽ, ചരിത്രം സ്പന്ദിക്കുന്ന ഇറാക്ക് ഇവയെല്ലാം അദ്ദേഹത്തിന്റെ മഹദ്സംഭാവനകളിൽ ചിലതുമാത്രം.

തിരുവട്ടാറിന്റെ മിക്കവാറും എല്ലാ ഗ്രന്ഥങ്ങൾക്കും 3 ഉം 4 ഉം പതിപ്പുകൾ ഉണ്ടായിട്ടുണ്ട്. മറ്റ് എഴുത്തുകാരെയും പ്രസംഗകരെയും മാനിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു.

തനിക്കു ലഭിച്ചിരുന്ന കൂട്ടായ്മകൾ കൂട്ടിച്ച് 14 സംഘം സഭകൾ തമിഴ്നാട്ടിൽ രൂപീകരിച്ചു. അവയ്ക്കെല്ലാം സഭാഹാളുകളും നിർമ്മിച്ചു. ജീവിതം വളരെ ലളിതമായിരുന്നു, ആർഭാട രഹിതമായിരുന്നു.

ഹിന്ദുമതത്തിൽ നിന്നും വിപ്ലവപ്രസ്ഥാനങ്ങളിൽ നിന്നും കർത്താവിനെ കണ്ടെത്തിയ തിരുവട്ടാൽ ആദ്യം സി.എസ്.ഐ സഭയിലും പിന്നെ പെന്തകോസ്തസഭകളിലും അവസാനം വരെ മേപ്പാട് പ്രസ്ഥാനത്തിലും നിലകൊണ്ടു. പക്ഷേ എല്ലാവരെയും സ്നേഹിച്ചു, മാനിച്ചു.

ക്രിസ്തുവിനെയോ ക്രിസ്തുമാർഗ്ഗത്തെയോ വെല്ലുവിളിച്ചാൽ തിരുവട്ടാർ അടങ്ങിയിരിക്കില്ല. വെല്ലുവിളിച്ചവരെ തിരിച്ചു വെല്ലുവിളിക്കും. അതേ സ്ഥലത്ത് അതേ വേദിയുണ്ടാക്കി തിരിച്ചുകൊടുക്കും. തിരുവട്ടാറിന്റെ ചോദ്യങ്ങൾക്കു മതതീവ്രവാദികൾ ഇതുവരെ മറുപടി നൽകിയിട്ടില്ല. എന്നും മതതീവ്രവാദികൾക്കു തിരുവട്ടാർ ഒരു പേടിസ്വപ്നമായിരുന്നു.

തിരുവട്ടാർ ബൈബിളിനെയും ക്രിസ്തുവിനെയും മനസ്സിലാക്കിയത് ഇപ്രകാരമായിരുന്നു:

**(1) സമ്പൂർണ്ണ വിപ്ലവകാരിയായ ക്രിസ്തു :** മനുഷ്യന്റെ അന്തരാത്മാവിൽ മാറ്റം വിതച്ച് കുടുംബങ്ങളിൽ ഓളി ഓളം തല്ലി സമൂഹത്തിൽ ശോഭ പരത്തിയ സമ്പൂർണ്ണ വിപ്ലവകാരി.

**(2) ക്രൈസ്തവം – വിപ്ലവ പ്രസ്ഥനം :** രക്തസാക്ഷിയായ ക്രിസ്തുവിനാൽ ജന്മംകൊടുത്ത് രക്തസാക്ഷികളാൽ വളർന്ന് രക്തസാക്ഷികളാൽ നിലനില്ക്കുന്ന നിത്യജീവൻ പ്രസ്ഥാനം.

**(3) തിരുവത്താഴം :** ജാതിവ്യവസ്ഥയ്ക്കെതിരെ വിപ്ലവാഹ്വാനം ചെയ്ത യേശുക്രിസ്തു ഒരു ജാതിരഹിത സമൂഹത്തിന് അടിത്തറ ഇട്ടു. ജാതിയെ നിലനിർത്തുന്ന ഭക്ഷണനിയമം ലംഘിച്ച് ഭക്ഷണപാനീയങ്ങൾ സ്വീകരിച്ച ക്രിസ്തു വ്യത്യാസങ്ങളില്ലാതെ എല്ലാവരെയും സ്വീകരിക്കുന്നതിന്റെ അടയാളമാണ് തിരുവത്താഴം.

**(4) കമ്മ്യൂണിസം :** ക്രിസ്തു ശിഷ്യർ ബൈബിളിനെ വിശ്വസിച്ച് ദൈവത്തെ ഭയപ്പെട്ട് കണ്ണിൽക്കാണുന്ന മനുഷ്യരെ സ്നേഹിച്ച് ഉള്ളവും ഉള്ളതും പങ്കുവെച്ചിരുന്നെങ്കിൽ കമ്മ്യൂണിസത്തിന്റെ ആവശ്യം ഇല്ലായിരുന്നു.

**(5) അടിമത്തം അടിയറ പറഞ്ഞു :** അടിമത്തത്തിനും അടിയായ്മയ്ക്കും എതിരായി ആദ്യമായി ശബ്ദിച്ചത് ക്രിസ്തുവാണ്. പ്ലേറ്റോ, അരിസ്റ്റോട്ടിൻ, യാജ്ഞവല്ക്യൻ, ബുദ്ധൻ എന്നിവർ അടിത്തത്തെ ന്യായീകരിച്ചവരാണ്. "മാനവസാഹോദര്യം" ആദ്യമായി പഠിപ്പിച്ചത് ക്രിസ്തുവാണ്.

**(6) ക്രിസ്തുസന്ദേശം :** തൊഴിലാളികളെ മനുഷ്യരാക്കി, അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും വെല്ലുവിളിച്ച്, ജന്മിമേധാവിത്വം അവസാനിപ്പിച്ച്, ബൂർഷ്വാ വ്യവസ്ഥിതിയെ തകർത്തു, നിറത്തിന്റെ പേരിൽ നീക്കിനിറുത്തിയവരെ ഈശ്വരസൃഷ്ടികളെന്ന് കാണാൻ പഠിപ്പിച്ചു.

**(7) എഴുന്നേൽക്കുക ക്രിസ്തു ശിഷ്യരാകുക :** വീണ്ടും ജനനത്തിലൂടെ രണ്ടാം മരണത്തെ തോല്പിച്ചവർ ജന്മം നല്കിയ നാഥന്റെ ശിഷ്യരാണ്. പാപത്തിന്റെ കൂരിരുട്ടിൽ തപ്പിത്തഴയുന്നവർക്ക് സുവിശേഷമാകുന്ന സത്യ, നിത്യ വെളിച്ചമേകാൻ ആ ഒരൊറ്റ ദൗത്യം മാത്രം ഏല്പിച്ച ക്രിസ്തുവിന്റെ ശിഷ്യരാകണം; വിശ്വാസിയായി മാത്രം തുടരരുത്!

**(8) അങ്ങേയ്ക്കു പ്രണാമം :** അനന്തതയിൽ നിന്ന് ഇറങ്ങിവന്ന നസറേയനായ യേശുവേ, മഹോന്നതനായ ദൈവപുത്രാ ഞങ്ങൾ 'അങ്ങയെ സത്യത്തിലും ആത്മാവിലും' വണങ്ങുന്നു. ഞങ്ങളുടെ പിതാക്കന്മാർ അറിയാതെ ആരാധിച്ച കല്ലും മണ്ണും, മുപ്പത്തിമുക്കോടികളെയും അങ്ങയുടെ സൃഷ്ടികൾ മാത്രമാണെന്നറിഞ്ഞു അങ്ങേയ്ക്കു സാഷ്ടാംഗപ്രണാമം അർപ്പിക്കുന്നു.

**ഞാനും ബ്രദർ.കൃഷ്ണൻകുട്ടിയും**

ഞങ്ങൾ തമ്മിൽ ഒരേയൊരിക്കൽ മാത്രം ഡൽഹിയിൽ വച്ച് കണ്ടുമുട്ടി. ആ ചുരുങ്ങിയ സമയത്തും എന്നെക്കുറിച്ചും എന്റെ ശുശ്രൂഷയെക്കുറിച്ചും ഏറെ ബഹുമാനത്തോടെ സംസാരിച്ചു. ഏറെക്കാലമായി എന്നെ നന്നായി അറിയാവുന്ന വ്യക്തിപോലെ സംസാരിച്ചു. അത് എന്നിൽ ആശ്ചര്യമുളവാക്കി.

ഇങ്ങനെയുള്ള ഈ മഹത് വ്യക്തിയോടൊപ്പം ചേർന്ന് ശുശ്രൂഷിക്കാനും ജീവിക്കാനും കഴിഞ്ഞില്ലല്ലോ എന്നോർത്ത് ഏറെ ദുഃഖമുണ്ട്.

ഞാൻ കേരളത്തിൽ ഒരു വശത്ത് സംസാരിക്കുവാൻ ബ്രദർ.കൃഷ്ണൻകുട്ടി മറ്റൊരുവശത്ത് ശുശ്രൂഷയിലായിരിക്കും. അതുകൊണ്ടാണ് ഒരുമിച്ച് കണ്ടുമുട്ടാനാകാത്തത്.

ബ്രദർ.കൃഷ്ണൻകുട്ടിയുടെ പ്രഭാഷണ കാസറ്റുകൾ, പുസ്തകങ്ങൾ എന്നിവ കൈയിലുള്ളവർ അതിന്റെ ഒരു കോപ്പി എനിക്കു ദയവായി അയച്ചുതന്നാലും. ബ്രദർ.കൃഷ്ണൻകുട്ടി അവർകളുടെ ദേഹവിയോഗത്താൽ ദുഃഖത്തിലായിരിക്കുന്ന പ്രിയ ഭാര്യ, വിവാഹിതയായ 2 മക്കൾ, കുടുംബാംഗങ്ങൾ തനിക്കു കൂട്ടായ്മ നൽകി പുലർത്തിയ ഓരോ പ്രിയപ്പെട്ടവർക്കും കർത്താവ് ആശ്വാസം നല്കട്ടെ. ബ്രദർ.കൃഷ്ണൻകുട്ടിയുടെ സാക്ഷ്യജീവിതത്തെ ഓർത്തും സത്യസുവിശേഷ ശുശ്രൂഷയോർത്തും ദൈവത്തെ സ്തുതിക്കുന്നു. കർത്താവിനോട് കാണിച്ച ക്രിസ്തു സുവിശേഷ ആവേശത്തിന്റെ പാത പിൻതുടർന്ന് ധാരാളം പേർ ഉരുവാകാൻ പോകുന്നതോർത്തും ദൈവത്തെ സ്തുതിക്കുന്നു.

**ചരമവാർത്തകൾ**

# മാറനാഥാ സഭാസ്ഥാപകൻ Rev.Dr.Hentry Joseph

മാറനാഥാ സഭാസ്ഥാപകൻ റവ.ഡോ.ഹെൻട്രി ജോസഫ് അവർകൾ 2017 ഏപ്രിൽ മാസം ചെന്നെയിൽ കർത്താവിൽ നിദ്രപ്രാപിച്ചു.




സുവിശേഷം അക്രൈസ്തവർ മനസ്സിലാക്കുവാൻ തക്കവിധത്തിൽ എളിയ ഉദാഹരണങ്ങളാലും സംഭവങ്ങ ളാലും ശരിയായ വചനം വ്യാഖ്യാനങ്ങളാലും കൈകാര്യം ചെയ്യാൻ സവിശേഷ സിദ്ധി പ്രാപിച്ച വ്യക്തിയത്രേ. അദ്ദേ ഹത്തിന്റെ റേഡിയോ പ്രഭാഷണങ്ങൾ ശ്രദ്ധേയമാണ്.

അദ്ദേഹം താമസിച്ചിരുന്ന ചെന്നൈ കീൽപ്പാക്ക് ഗാർഡൻ ഭവനത്തിൽ നേരിൽച്ചെന്ന് ഒരിക്കൽ അദ്ദേഹത്തെ കണ്ടിരുന്നു. അന്ന് 'റേഡിയോ പ്രഭാഷണങ്ങളെല്ലാം കാസ റ്റിലാക്കി ട്രാക്റ്റ് പോലെ വിതരണം ചെയ്യാമല്ലോ' എന്ന നിർദ്ദേശം മുന്നോട്ടുവെച്ചു. പക്ഷേ അത് എന്നിലൂടെ ചെയ്യാൻ അദ്ദേഹം ആഗ്രഹിച്ചില്ല. കാരണം അന്യഭാഷയെക്കുറിച്ച് ഞാൻ ചോദിച്ച ചോദ്യ ങ്ങൾക്കു വചനാടിസ്ഥാനത്തിൽ ഉത്തരം നല്കാൻ കഴിയാത്തതിനാൽ തുടർന്ന് സംസാരി ക്കാൻ താല്പര്യമില്ലാതെയായി.

ഇതിൽ ശ്രദ്ധിക്കേണ്ട കാര്യം ഞാനും അദ്ദേഹവും നീണ്ടകാല സ്നേഹിതന്മാർ എന്ന താണ്. സുവിശേഷീകരണത്തിലും, മുഴുരാത്രി യോഗങ്ങളിലും, കൺവെൻഷൻ യോഗങ്ങളിലും ഒരുമിച്ച് ശുശ്രൂഷിച്ചിട്ടുണ്ട്. എന്നോട് വ്യക്തിപരമായി സവിശേഷമായ സ്നേഹവും ബഹുമാ നവും ഉണ്ടായിരുന്നു.

ക്രമേണ ഞങ്ങൾ തമ്മിൽ തിരക്കിന്റെ ലോകത്തായി. തമ്മിൽ കാണാനുള്ള അവസര ങ്ങൾ കുറഞ്ഞു. ക്രമേണ സൗഹൃദവും. അദ്ദേഹത്തിന്റെ മക്കൾ മാറനാഥ സഭയുടെ ചുമതല ക്കാരായി മാറി. പരിശുദ്ധാത്മ വിഷയത്തിലെ ഭാതഭാഷാവര ജ്ഞാനമൊഴിച്ച് ബാക്കി ഭാഗങ്ങ ളിൽ അദ്ദേഹത്തിന്റെ പ്രായോഗിക ബൈബിൾ പരിജ്ഞാനം ഒത്തിരി ആത്മാക്കളെ തൊട്ടു. അദ്ദേഹം അനേകം ദൈവശുശ്രൂഷകരെ ഉരുവാക്കി. തന്റെ ശുശ്രൂഷകൾക്കായി ദൈവത്തെ സ്തുതിക്കുന്നു. പാസ്റ്റർ.ഹെൻട്രി ജോസഫിനെ പിരിഞ്ഞ കുടുംബത്തിനും, സഭകൾക്കും ദൈവം ആശ്വാസം നല്കട്ടെ!!

## വായനക്കാരന്റെ കത്ത്

'അൾത്താരയിൽ സ്ത്രീകൾ' എന്ന ലേഖനം വേദപുസ്തകാടിസ്ഥാനത്തിൽ വളരെ വിശദ മായി പഠിപ്പിച്ചുനല്കിയിരിക്കുന്ന ഒരു കുറിപ്പാണാണ് എന്നതിൽ യാതൊരു അഭിപ്രായവ്യ ത്യാസവുമില്ല. പക്ഷെ അദ്ദേഹം എഴുതിയിരിക്കുന്നത് **സഭ വിട്ടുപോകാം എന്ന തോന്നൽ ഉണ്ടാകരുതേ എന്നാണ്.** സഭ എന്ന വാക്കിന്റെ അർത്ഥമെന്താണ് ? ഞാൻ വിശദീകരിക്കു ന്നില്ല. ഏതായാലും അത് **വിശുദ്ധന്മാരുടെ ഒരു കൂട്ടമാണ്** എന്നതിൽ രണ്ടുപക്ഷമില്ലല്ലോ.

# ഇസ്ലാമ്യരുടെ അറിയിപ്പ്

ബാബാ റാംദേവിന്റെ തലവെട്ട് പ്രസംഗവാക്യം ഇസ്ലാം വെറുപ്പും മുസ്ലീങ്ങളുടെ ഇടയിൽ അമർഷമുണ്ടാക്കി.

അതിനാൽ **പതജ്ഞലി** എന്ന Trade Name പുറത്തുവരുന്ന ബാബാ റാംദേവിന്റെ എല്ലാ ആയുർവേദ ഉത്പന്നങ്ങളും ബഹിഷ്ക്കരിക്കാൻ മുസ്ലീങ്ങൾ തീരുമാനമെടുത്തു.

സൂര്യദേവനെ യോഗയിലൂടെ വണങ്ങണം എന്ന തീവ്രവാദ നിലപാടെടുക്കുന്ന ബാബാ റാംദേവിനെയും അദ്ദേഹത്തിന്റെ പതജ്ഞലി ഉത്പന്നങ്ങളും ബഹിഷ്കരിച്ചതു മാത്രമല്ല അവർ അതു നടപ്പിലാക്കുകയും ചെയ്തു.

**ക്രിസ്ത്യാനികളും അങ്ങനെ ചെയ്യുന്നത് നന്ന്:**

ചില വർഷങ്ങൾക്കു മുമ്പ് Procter & Gamble എന്ന US Company യുടെ Vicks പോലെയുള്ള സാധനങ്ങൾ എല്ലാം ക്രിസ്ത്യാനികൾ ബഹിഷ്ക്കരിച്ചു. കാരണം P & G കമ്പനിയിൽ നിന്ന് വരുന്ന വരുമാനത്തിന്റെ 1/10 "സാത്താൻ സഭയ്ക്ക്" നല്കുമെന്ന് പറഞ്ഞതായി പ്രഖ്യാപിച്ചു.

ഈ അറിയിപ്പ് വന്ന് ചില ദിവസങ്ങളിൽ തന്നെ ക്രിസ്ത്യാനികൾ P & G Product കൾ ബഹിഷ്ക്കരിച്ചതിനാൽ ബിസിനസ്സ് വല്ലാതെ തടിഞ്ഞു.

ഉടനെ തന്നെ സാത്താൻ സഭയ്ക്കു ഒരു നയാപൈസ കൂടെ അയക്കില്ല. അതേ എന്റെ പേര് തെറ്റായി ഉപയോഗിച്ചു. ക്ഷമ ചോദിക്കുന്നു. എന്തിങ്ങനെ അറിയിച്ചു.

ദൈവം നമ്മുടെ നല്കുന്ന വരുമാനത്തിന്റെ ഒരംശം വിഗ്രഹാരാധനയ്ക്കു നല്കരുതെന്ന് തീരുമാനം എടുക്കണം. മുസ്ലീങ്ങൾക്കുള്ള മതവൈരാഗ്യത്തിന്റെ ഒരംശമെങ്കിലും ക്രിസ്ത്യാനികൾക്കു സത്യദൈവത്തോട് വേണം!!

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

* വായനക്കാരായ നിങ്ങളുടെ പ്രാർത്ഥനാകുറിപ്പുകൾക്കായി തുടർന്നു പ്രാർത്ഥിക്കുന്നു.

* പ്രാർത്ഥനാകുറിപ്പുകൾ ഫോണിൽ അറിയിക്കുന്നതിനെക്കാൾ കത്തിൽ അല്ലെങ്കിൽ ഇ-മെയിലോ എഴുതി അറിയിച്ചാൽ ഞാൻ യാത്ര ചെയ്യുന്ന സ്ഥലത്തിലായിരുന്നാലും പ്രാർത്ഥിക്കുവാൻ സാധിക്കും.

* ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ വായനക്കാരുടെ മക്കളുടെ പഠനത്തിനായി ധാരാളം പണം ചിലവഴിച്ചിരിക്കും എന്ന് എനിയ്ക്കറിയാം. എന്നിട്ടും നിങ്ങൾ ജാമക്കാരന്റെ വേലയെ നിങ്ങളുടെ പണം കൊണ്ടും പ്രാർത്ഥനകൊണ്ടും ആദിവാസികളുടെ മധ്യത്തിൽ ചെയ്യുന്ന സുവിശേഷവേലയിലും പണം മുടക്കം വരാതെ എന്നെ താങ്ങിയതിന് വളരെ നന്ദിയുണ്ട്. അതിനുവേണ്ടി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

* കഴിഞ്ഞ മാസങ്ങളിൽ കേരളത്തിലും തമിഴ്നാട്ടിലും മറ്റെല്ലാ ജില്ലകളിലും നടന്ന യോഗങ്ങൾ വളരെ അനുഗ്രഹകരമായിരുന്നു. സൗഖ്യം പ്രാപിച്ചവരുടെ സാക്ഷികളും, കുടുംബപ്രശ്നങ്ങൾ, കടപ്രശ്നങ്ങളിൽ നിന്നും വിടുതൽ പ്രാപിച്ചവരുടെ കത്തുകൾ വായിച്ച് ദൈവത്തെ ഞാൻ സ്തുതിച്ചു.

വചനം കേൾക്കുന്നവരായി മാത്രം ഇരിക്കാതെ, വചനപ്രകാരം ചെയ്യുന്നവരത്രേ ഭാഗ്യവാന്മാർ എന്ന് ദൈവവചനം നമ്മെ പഠിപ്പിക്കുന്നു.

എന്നെ മാനിക്കുന്നരെ ഞാൻ മാനിക്കും. (1 ശമുവേൽ 2:30).

വാർത്തകൾ!! വാർത്തകൾ!!

## തലവെട്ടാനുള്ള ആഹ്വാനപ്രസംഗത്തിനായി ബാബാ റാംദേവിന് അറസ്റ്റ് വാറന്റ്

യോഗയിലൂടെ പ്രശസ്തനായ ബാബാ റാംദേവ് ഒരു ഹിന്ദുതീവ്രവാദിയാണ്. ഇദ്ദേഹം ക്രിസ്ത്യാനികളെയും ഹിന്ദുക്കളെയും വെറുക്കുന്ന വ്യക്തിയാണ്. ഇന്ത്യയിൽ ജീവിക്കുന്ന ആരായാലും "ഭാരതമാതാ കീ ജയ്" എന്ന മുദ്രാവാക്യം വിളിക്കണമെന്നും അതിന് മടിക്കുന്നവരുടെ തലവെട്ടുമെന്നും സംസാരിച്ച ഇദ്ദേഹത്തിന്റെ പ്രസംഗം ഇന്ത്യ മുഴുവൻ പ്രശ്നങ്ങളുണ്ടാക്കാൻ തുടങ്ങി. അദ്ദേഹത്തെ അറസ്റ്റു ചെയ്യാൻ ജഡ്ജി ഹരീഷ് ഗോയൽ ഉത്തരവിട്ടു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## കർത്താവിൽ നിദ്രപ്രാപിച്ചു

കേരളത്തിൽ തിരുവല്ല എന്ന സ്ഥലത്തു സെന്റ് തോമസ് സി.എസ്.ഐ ചർച്ച് (തോലശ്ശേരി) ന്റെ അംഗവും (സി.എൽ.എസ്) സി.എസ്.എസ്. ബുക്ക്ഷോപ്പിൽ 33 വർഷം മാനേജരായി ജോലി ചെയ്ത സഹോ.തോമസ് പി.വർഗ്ഗീസ്, (പെരുമ്പള്ളിക്കാട്ടു ഹൗസ്) അവർകൾ കഴിഞ്ഞ ഡിസംബർ മാസം (2016) കർത്താവിൽ നിദ്രപ്രാപിച്ചു.



ഇദ്ദേഹം സെന്റർ കേരള സി.എസ്.ഐ ഡയോസിസിൽ ലിറ്ററേച്ചർ ബോർഡ് മെമ്പറായും, ഡി.സി.മെമ്പറായും, ചർച്ച് കമ്മിറ്റി മെമ്പറായും തന്റെ ദൈവവേലയെ നിറവേറ്റി. ഇദ്ദേഹം പഴയ ആത്മീയ ക്രിസ്തീയ ഗാനങ്ങൾ തെരഞ്ഞെടുത്ത് അതിൽ ഇംഗ്ലീഷ് കോറസുകളെയും ചേർത്ത് **ക്രിസ്തീയഭവനഗാനം** എന്ന പേരിൽ പാട്ടുപുസ്തകം പ്രസിദ്ധീകരിച്ചു. ആ പാട്ടുകൾ, സഭകളിൽം ഇപ്പോഴും ഉപയോഗിക്കപ്പെടുന്നു. 17 പ്രാവശ്യം വീണ്ടും ആ പുസ്തകം അച്ചടിക്കപ്പെട്ട് വില്പന നടന്നുകൊണ്ടിരിക്കുന്നു.

ഇതു വിറ്റുകിട്ടുന്ന പണത്തെ വീടില്ലാത്ത കുടുംബങ്ങളെ സഹായിക്കുന്ന സംഘടനകളെ ഏല്പിക്കുന്നു. കഴിഞ്ഞ 36 വർഷങ്ങളായി കേരളത്തിൽ മാർത്തോമാ, സി.എസ്.ഐ സഭകളിൽ ഞാൻ പ്രസംഗിക്കുന്ന യോഗങ്ങളിൽ പല സ്ഥലത്തിലേക്ക് ഇദ്ദേഹം തന്റെ സ്കൂട്ടറിലും, ബസിലും യാത്ര ചെയ്ത് എന്റെ പ്രസംഗം കേൾക്കാൻ തന്റെ സുഹൃത്തുക്കളെയും കൂട്ടിക്കൊണ്ടുവരും.

ഇദ്ദേഹത്തിന്റെ മകൻ വിനോദ് ജോർജ് തോമസ് അവർകളും, തന്റെ പിതാവ് വേല ചെയ്ത (സി.എൽ.എസ്) സി.എസ്.എസ് ബുക്ക്ഷോപ്പിൽ തന്റെ പണി തുടരുന്നു. എന്റെ ആത്മീക സുഹൃത്തായ സഹോ.തോമസ് അവർകളുടെ വേർപാട് ദുഃഖത്തിലായിരിക്കുന്ന ആ കുടുംബത്തിനു ദൈവം ആശ്വാസം പകരട്ടെ!!!

# The Influence of a Mother

*Her children arise up, and call her blessed... Pro 31:28.*

*Only God Himself fully appreciates the influence of a Christian mother in the molding of character in her children. Someone has said, "Like mother,like children." Most of the noble characters and fine leaders of history have had good, God-fearing mothers. We are told that George Washington's mother was pious, and that Sir Walter Scott's mother was a lover of poetry and music. On the other hand, we are told that Nero's mother was a murderess and that the dissolute Lord Byron's mother was a proud and violent women. The influence of a mother upon the lives of her children cannot be measured. They know and absorb her example and attitudes when it comes to questions of honesty, temperance, kindness, and industry.*

*Prayer: Thank you,Lord, for mothers who love you. Their influence is felt around the world.*




OCTOBER 2017

# Printed Book (Periodical)


**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**


**Return Requested:**


**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**



Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.